# പ്രദീപ്തി

2012 ഏപ്രിൽ

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



# പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



**ആറാം മാർത്തോമ്മ**
(വലിയ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത)
(203 -ാം ഓർമ്മ, ഏപ്രിൽ 7)
**(പുത്തൻകാവ് കത്തീഡ്രൽ)**



**രണ്ടാം മാർത്തോമ്മ**
(326-ാം ഓർമ്മ, ഏപ്രിൽ 16)
**(നിരണം വലിയ പള്ളി)**



**എട്ടാം മാർത്തോമ്മ**
(196 -ാം ഓർമ്മ, ഏപ്രിൽ 16)
**(പുത്തൻകാവ് കത്തീഡ്രൽ)**



**മാർ ഗ്രീഗോറിയോസ്**
**അബ്ദൽ ജലീൽ മെത്രാപ്പോലീത്ത**
(341 -ാം ഓർമ്മ, ഏപ്രിൽ 27)
**(വടക്കൻ പറവൂർ പള്ളി)**

# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

■ വാല്യം : 13
■ ലക്കം : 4
■ ഏപ്രിൽ 2012



മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ
പുത്തൻകുരിശ് – 682 308
pradeepthi2002@gmail.com

## ദളങ്ങളിൽ



**2** പത്രാധിപക്കുറിപ്പ്
**അപരീക്ഷ്യ ന കർത്തവ്യം**

**3** ഇടയസന്ദേശം
**സന്യാസപ്രസ്ഥാനത്തിന് ഒരാമുഖം – 6**
ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**5** ആരാധന വിജ്ഞാനീയം
**വിശുദ്ധ കുർബ്ബാനയും പ്രതീക ശക്തിയും – 2**
ഫാ. ഡോ. കെ.എം. ജോർജ്ജ്

**8** അനുഷ്ഠാനങ്ങൾ
**വിശുദ്ധ കുർബ്ബാനയിൽ വിശ്വാസികളുടെ പങ്കാളിത്തം**
ഫാ. സി.സി. ചെറിയാൻ

**11** **പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ 1976 – 1983**

**15** കൂദാശകൾ
**വി. മാമോദീസാ സുറിയാനി പാരമ്പര്യത്തിൽ**
റവ. ഡോ. ബി. വറുഗീസ്

**17** ചർച്ചാവേദി
**കാർമ്മികരോടും ശുശ്രൂഷകരോടും ഒരു അമ്മേനിയുടെ സംശയങ്ങൾ**
പി. തോമസ് പിറവം

**19** ആനുകാലികം
**ഇതുകൊണ്ടൊക്കെയാണ് ക്രിസ്തുവാണ് ശരി എന്ന് ഞങ്ങൾ പറയുന്നത്**
സാഖേർ

### പത്രാധിപസമിതി

അദ്ധ്യക്ഷൻ
**അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

ഉപ അദ്ധ്യക്ഷൻ
**റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**

പ്രധാന പത്രാധിപർ
**റവ. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ**

നിർവ്വാഹക പത്രാധിപർ
**റവ. ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ**

ഉപ പത്രാധിപർ
**റവ. ഫാ. സി.എം. കുര്യാക്കോസ്**
**റവ. ഫാ. വർഗീസ് പി. വർഗീസ്**

പ്രസാധകൻ
**റവ. ഫാ. ഡോ. ഒ.പി. വർഗീസ്**

പ്രചാരകൻ
**റവ. ഫാ. അബ്രാഹാം കെ. ജോൺ**

കാര്യദർശി
**ശ്രീ. ജിത്തു മാത്യു, ഐക്കരക്കുന്നത്ത്**

### ഉപദേശകസമിതി

**വെരി. റവ. ഫാ. പി.യു. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ**
**റവ. ഫാ. ഡോ. റ്റി.ജെ. ജോഷ്വ**
**റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്**
**റവ. ഫാ. ഡോ. ജേക്കബ് കുര്യൻ**
**റവ. ഫാ. ഡോ. പി.റ്റി. ഏലിയാസ്**
**റവ. ഫാ. സി.എം. കുര്യാക്കോസ്**
**റവ. ഫാ. അബ്രാഹാം പാലപ്പിള്ളിൽ**
**റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം**
**റവ. ഫാ. ജോൺ വർഗീസ്**
**ശ്രീ. ചെമ്മനം ചാക്കോ**
**ശ്രീ. വർഗീസ് കരിപ്പാട്**

ഒറ്റപ്രതി – 10 രൂപ
വാർഷിക – 100 രൂപ
10 വർഷം – 1000 രൂപ



# അപരീക്ഷ്യ ന കർത്തവ്യം

ആലോചന ഇല്ലാതെയും ചിന്തിക്കാതെയും ചെയ്യുന്ന കാര്യങ്ങൾ മിക്കവാറും അനർത്ഥത്തിലാണ് അവസാനിക്കാറുള്ളത്. ഒന്നു ചെയ്യുന്നതിന് മുമ്പ് രണ്ടു വട്ടം ആലോചിക്കണമെന്നാണ് ജ്ഞാനികളായ പൂർവ്വീകർ നമ്മെ ഉപദേശിച്ചിരിക്കുന്നത്. എന്നാൽ പലപ്പോഴും വിവേകം വന്നുദിക്കുന്നത് വളരെ വൈകിയായിരിക്കും. വികാരം വിവേകത്തെ കീഴ്പ്പെടുത്തുമ്പോൾ സംഭവിക്കാൻ പാടില്ലാത്തത് പലപ്പോഴും സംഭവിച്ചു പോകുന്നു. അതിനാൽ അനർത്ഥങ്ങൾ സംഭവിക്കാതിരിക്കാൻ നീതിസാരം ഉപദേശിക്കുന്നത് ഇപ്രകാരമാണ്.

*"അപരീക്ഷ്യ ന കർത്തവ്യം*
*കർത്തവ്യം സുപരീക്ഷ്യച"*

ഒരു കാര്യം ചെയ്യുവാൻ തുടങ്ങുമ്പോൾ പരീക്ഷ കൂടാതെ ചെയ്യരുത്. പരീക്ഷയോടുകൂടി സകല കാര്യങ്ങളും ചെയ്യണം. ഏതൊരു കാര്യവും പ്രവർത്തിക്കുന്നതിന് മുമ്പ് അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ചിന്തിച്ചതിനു ശേഷമേ പ്രവർത്തിക്കാവൂ. അല്ലെങ്കിൽ കീരിയെ കൊന്ന ബ്രാഹ്മണനെപ്പോലെ ദുഃഖിതനായി തീരും. പഞ്ചതന്ത്രത്തിൽ അത് എത്ര മനോഹരമായി വിവരിച്ചിരിക്കുന്നു.

സംസ്കൃത സാഹിത്യത്തിലെ ഒരു അതുല്യകൃതിയാണ് വിഷ്ണുശർമ്മ രചിച്ച പഞ്ചതന്ത്രം. ജീവിതത്തിന്റെ വിവിധ വശങ്ങളെ വിശകലനം ചെയ്തു ബുദ്ധി ഉപദേശിച്ചുതരുന്ന ഈ ഗ്രന്ഥം സനാതനമായ പലതത്വങ്ങളും വിശദീകരിക്കുന്നു. ഇതിന്റെ അഞ്ചാമത്തെ അദ്ധ്യായമായ അസംപ്രേക്ഷ്യകാര്യത്വം എന്ന ഭാഗത്താണ് വിചാരമില്ലാതെയുള്ള പ്രവർത്തനത്താൽ അനർത്ഥം ഭവിച്ച ദേവശർമ്മാവ് എന്ന ബ്രാഹ്മണന്റെ കഥ പറയുന്നത്. അദ്ദേഹത്തിന്റെ ഭാര്യയായ യഞ്ജസേന ഒരു പുത്രന് ജന്മം നല്കി അധിക ദിവസങ്ങൾ ആകുന്നതിനു മുമ്പ് ഭർത്താവായ ദേവശർമ്മാവിന്റെ കൈയ്യിൽ കുട്ടിയെ ഏൽപ്പിച്ചിട്ട് വെള്ളം കോരുവാനായി പോയി. അപ്പോഴാണ് കൊട്ടാരത്തിൽ നിന്ന് ഒരു രാജദൂതൻ രാജാവിന്റെ ക്ഷണവുമായി വന്നത്. കുട്ടിയെ നോക്കുവാൻ ആരെയും കാണാത്തതിനാൽ തങ്ങൾ ഓമനിച്ചു വളർത്തിയ കീരിയെ ഏൽപ്പിച്ച് ദേവശർമ്മാവ് കൊട്ടാരത്തിലേക്ക് പോയി. കുറെ കഴിഞ്ഞപ്പോൾ ഒരു സർപ്പം കുട്ടിയുടെ നേരെ ഇഴഞ്ഞു വരുന്നത് കണ്ട കീരി, അതിന്റെ മേൽ ചാടിവീണ് കടിച്ചുമുറിച്ചു കൊല്ലുകയും ചെയ്തു. കൊട്ടാരത്തിൽ നിന്ന് മടങ്ങി വന്ന ദേവശർമ്മാവ് രക്തത്തിൽ കുളിച്ച് നിൽക്കുന്ന കീരിയെ പടിവാതിൽക്കൽ വച്ചു തന്നെ കണ്ടു. ഈ ദുഷ്ട ജീവി തന്റെ മകനെ കൊന്നു കാണുമെന്നു വിചാരിച്ച് ഉടനെ അതിനെ അടിച്ചു കൊന്നു. അതിനുശേഷം അകത്തുകയറി നോക്കിയപ്പോൾ ഖണ്ഡം ഖണ്ഡമായി കിടക്കുന്ന സർപ്പത്തെയും അതിനരുകിൽ കൈകാലിളക്കി കളിക്കുന്ന കുഞ്ഞിനെയും കണ്ടപ്പോളാണ് കാര്യം മനസ്സിലായത്. അത്യന്തം ദുഃഖിതനായ അയാൾ നിലവിളിച്ചു കരഞ്ഞു. ചിന്തയില്ലാതെ പ്രവർത്തിച്ചതിനാലുണ്ടായ അനർത്ഥത്തെ ഓർത്തു വളർത്തിയ കീരിയെ വിവേക ശൂന്യമായ പ്രവർത്തിയാൽ കൊല്ലേണ്ടി വന്നല്ലോ എന്നോർത്തു പ്രയാസപ്പെട്ടു. പരമാർത്ഥം മനസ്സിലാക്കാൻ ശ്രമിക്കാതെയുള്ള എടുത്തുചാട്ടമാണ് ആ ബ്രാഹ്മണന് ദുഃഖഹേതുവായിത്തീർന്നത്. അതിനാൽ ആലോചിച്ച് കാര്യകാരണങ്ങളെ വിശകലനം ചെയ്തുമാത്രമേ തീരുമാനത്തിലെത്താവൂ. അങ്ങനെ ആലോചിച്ചുറച്ച് ചെയ്യുന്ന കാര്യങ്ങൾ വിജയത്തിലെത്തുകയും സന്തോഷപ്രദവും ഗുണപ്രദങ്ങളാവുകയും ചെയ്യും.

പൂവത്തുങ്കലച്ചൻ

❐

# സന്ന്യാസ പ്രസ്ഥാനത്തിന് ഒരാമുഖം-6

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

## 8. പാശ്ചാത്യ സന്ന്യാസ പ്രസ്ഥാനം

പുരാതന പൗരസ്ത്യ സന്ന്യാസ പ്രസ്ഥാനം പാശ്ചാത്യ സഭയിലേക്കു വന്നതുപോലെ പല മാർഗങ്ങളിലാണ്. ജറോ (Jorome 342-420) മിന്റെ കൃതികളിൽ കൂടിയും റൂഫിനസ് (345-410) ന്റെ 'സന്ന്യാസികളുടെ ചരിത്രം' എന്ന കൃതിയിൽ കൂടിയും അലക്സാന്ത്രിയായിലെ അത്താനാസ്യോസിന്റെ (296-373) 'അന്തോണിയോസിന്റെ ജീവചരിത്രത്തിൽ കൂടിയും പ്രധാനമായി ഇതു പാശ്ചാത്യ സഭയിൽ പ്രചരിച്ചു. ജോൺ കാസിയാൻ (360-435) എന്ന സന്ന്യാസി ആശ്രമങ്ങൾ സന്ദർശിക്കുവാൻ ബേത്‌ലഹേമിൽ നിന്ന് ഈജിപ്ത്, കുസ്തന്തിനോപ്പോലീസ്, റോമവഴി മാർസിലസ്സ് എന്ന സ്ഥലത്ത് (ഇറ്റലിയിൽ) രണ്ട് ആശ്രമങ്ങൾ 415 ൽ തുടങ്ങി. പൗരസ്ത്യദേശങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ചു Institutes, Conferenem എന്നീ രണ്ടു സന്ന്യാസ ജീവിത നിയമഗ്രന്ഥങ്ങൾ രചിച്ചു. ഇതിൽ സന്ന്യാസ നിയമാവലിയോടൊപ്പം ഒരു സന്ന്യാസിയുടെ പൂർണത പ്രാപിക്കുവാനുള്ള യത്നത്തിൽ വന്നു ചേരുന്ന എട്ടു തടസ്സങ്ങളെ വിശദീകരിച്ചു. ഇന്നത്തെ മിക്കവാറും എല്ലാ പശ്ചാത്യ സന്ന്യാസങ്ങളുടെയും അടിത്തറ ഇവയെ ആശ്രയിച്ചിരിക്കുന്നു. ഉദാഹരണമായി സെ. ബനഡിക്ടിന്റെ സന്ന്യാസ നിയമങ്ങളുടെ ഒരു പ്രധാന ഭാഗം തന്നെ ഇതിനെ ആശ്രയിച്ചിരിക്കുന്നു.

കൂടാതെ ഐർലണ്ടിലേക്കും യൂറോപ്പിന്റെ ഇതര ഭാഗങ്ങളിലേക്കും ഈ ഗുപ്ത സന്ന്യാസിമാർ നടത്തിയ സുവിശേഷ പ്രചരണ ദൗത്യം പാശ്ചാത്യ സന്ന്യാസപ്രസ്ഥാനത്തിന് അടിത്തറ പാകുവാൻ സാഹായകമായി.

സെ. ബനഡിക്ടിനെ (480-550) പാശ്ചാത്യ സന്ന്യാസ പ്രസ്ഥാനത്തിന്റെ പിതാവെന്നാണു വിളിക്കുന്നത്. റോമിൽ വിദ്യാഭ്യാസം നേടിയ ഇദ്ദേഹം ഇറ്റലിലെ സൂബിയാക്കോവിലുള്ള ഗുഹയിലാണ് ഏകാന്ത ജീവിതം ആരംഭിച്ചത്. ശിഷ്യന്മാർ വർദ്ധിച്ചതോടെ പന്ത്രണ്ട് ആശ്രമങ്ങൾ പ്രത്യേക മഠാധിപന്മാരുടെ നിയന്ത്രണത്തിൽ ആരംഭിക്കുകയും അവർക്കായി പൊതുസന്ന്യാസ നിയമാവലി ക്രോഡീകരിക്കുകയും ചെയ്തു.

ഈജിപ്തിലെ സന്ന്യാസ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സെ. മാർട്ടിൻ ഫ്രാൻസിലെ ഗാലിക്കൻ സന്ന്യാസപ്രസ്ഥാനത്തിന് ആരംഭം കുറിച്ചു. (St. Martin 330-397) പശ്ചാത്യ സന്ന്യാസ പ്രസ്ഥാനത്തിനു വ്യക്തമായ നിയമാവലി ഉണ്ടായത് സെ. ബനഡിക്ടിന്റെ ശ്രമഫലമായിട്ടാണ് എന്ന് എടുത്തു പറയേണ്ടതാണ്.

വില്യം പയസ് എന്ന പ്രഭു ബർഗൻഡിയിൽ ക്ളൂണി (Cluny) എന്ന സ്ഥലത്ത് എ.ഡി. 910-ൽ ഒരു സന്ന്യാസ പ്രസ്ഥാനം ആരംഭിച്ചു. ബൗമായിലെ ബൽണോ എന്ന ഇതിന്റെ പ്രഥമ ആശ്രമാധിപൻ (910-927) വളരെ ശ്രേഷ്ഠമായ സന്ന്യാസ ജീവിതചര്യകൾക്കു രൂപം കൊടുത്തു. പതിനൊന്നും, പന്ത്രണ്ടും നൂറ്റാണ്ടുകളിൽ ക്ളൂണി സന്ന്യാസപ്രസ്ഥാനം പാശ്ചാത്യസഭയിൽ നിർണായക സ്വാധീനം ചെലുത്തിയിരുന്നു. അവരുടെ ഉന്നതാശയങ്ങൾ പരക്കെ ബഹുമാനിക്കപ്പെട്ടിരുന്നു; സഭയിലെ ഉന്നതസ്ഥാനങ്ങൾ അവർ നിരാഹരിച്ചിരുന്നു. പൗരോഹിത്യസ്ഥാനികളുടെ നിർബന്ധിത സന്ന്യാസം കർശനമായി നിഷ്കർഷിച്ചു ഗ്രിഗറി ഏഴാമൻ (1021-1035) കുറെക്കാലം ക്ളൂണി സന്ന്യാസപ്രസ്ഥാനത്തിൽ ചേർന്നു ജീവിച്ചിരുന്നു.

ക്ലെയർമോയിലെ സെ. ബർണാഡിന്റെ (1090-1153) സന്ന്യാസപ്രസ്ഥാനത്തിനു നിസ്റ്റോർസിയൻ ഓർഡർ എന്നാണ് പേര്. വളരെ കഠിനമായ ഒരു സന്ന്യാസ ജീവിതശൈലി തന്നെ ഇവർ പുലർത്തിയിരുന്നു. 1098-ൽ റോബർട്ട് എന്ന ഒരു സന്ന്യാസി തുടങ്ങിയ ഈ പ്രസ്ഥാനം 'വെളുത്ത സന്ന്യാസികളുടെ' (White Monks) ക്രമം എന്നാണ് സെ. ബർണാഡിന്റെ (1112) ആഗമനത്തോടെയാണ് അറിയപ്പെട്ടു തുടങ്ങിയത്. കൃഷിക്കും അതോടൊപ്പമുള്ള ജോലികൾക്കും പ്രാധാന്യം നല്കി. ഭക്ഷണം, നിശബ്ദത എന്നിവയെ സംബന്ധിച്ച നിയമങ്ങൾ കർശനമായിരുന്നു. ലളിത വസ്ത്രധാരണം അവരുടെ ഒരു പ്രത്യേകതയായിരുന്നു. മറ്റു പല സന്ന്യാസപ്രസ്ഥാനങ്ങളെയും സ്വാധീനിക്കുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്.

ഫ്രാൻസിസ്ക്കൻ ഓർഡർ, സ്ഥാപിച്ച അസീസിയിലെ സെ. ഫ്രാൻസിസ് (1181-1226) ഭിക്ഷക്കാരുടെ സ്നേഹിതനായാണ് തന്റെ സന്ന്യാസ ജീവിതശൈലിക്കു രൂപം കൊടുത്തത്. ദ്രാരിദ്ര്യം സന്ന്യാസവ്രതത്തിന്റെ മകുടമായി കണക്കാക്കിയ അദ്ദേഹം കുഷ്ഠരോഗികളെ പരിചരിക്കുന്നതിലാണ് തന്റെ സേവന മാതൃക കാട്ടിയത്. 1290

-ൽ ഇന്നസെന്റ് രണ്ടാമൻ പാപ്പായിൽ നിന്നും തന്റെ സന്യാസ നിയമങ്ങൾക്ക് അംഗീകാരം വാങ്ങി. അദ്ദേഹത്തിന്റെ ആദർശങ്ങളിൽ ആകൃഷ്ഠരായി പ്രഭുകുടുംബത്തിലെ ഒരു സ്ത്രീയായിരുന്ന ക്ളാര സ്ത്രീകൾക്കായുള്ള ഒരു മഠം 1212-ൽ അസ്സീസിയിൽ തുടങ്ങി. സ്വന്തമായി പണമോ സ്ഥലമോ കൈവശം വയ്ക്കാതെ കൈകൊണ്ട് അദ്ധ്വാനിച്ചോ ഭിക്ഷ യാചിച്ചോ ജീവിക്കണമെന്ന ഇവരുടെ നിയത്തിനു ബുദ്ധസന്യാസ ജീവിതാദർശവുമായി അടുത്ത ബന്ധമുണ്ട്. ഇവരുടെ ആശ്രമത്തോടു ബന്ധം പുലർത്തിയിരുന്ന വിവാഹിതരുടെ കുടുംബങ്ങൾക്ക് ഇവർ നിർദ്ദേശിച്ചിരുന്ന ചില നിയമങ്ങൾ അനുസരിച്ച് ജീവിക്കുവാൻ പ്രതിജ്ഞ എടുത്തിരിക്കുന്നു. ഇവരെ സന്യാസ പ്രസ്ഥാനത്തിലെ മൂന്നാം ക്രമം (Third Order) എന്നു പറഞ്ഞിരിക്കുന്നു.

### ഡൊമിനിക്കൻ സന്യാസ പ്രസ്ഥാനം

സെ. ഡൊമനിക്ക് (1170-1221) സ്പെയിനിൽ ആരംഭിച്ചത് 1218-ലും, ഫ്രാൻസിൽ ആരംഭിച്ചത് 1219-ലും ആയിരുന്നു. വേദവിപരീതങ്ങൾക്കെതിരായി സഭാവിശ്വാസം പഠിപ്പിക്കുവാനുള്ള പ്രസംഗകരായ സഹോദരങ്ങൾ (Order of Friar Preachers) എന്നാണ് ഇവർ അറിയപ്പെട്ടിരുന്നത്. ഇവരുടെ പ്രധാന ശ്രമം വിദ്യാഭ്യാസരംഗത്ത് ആയിരുന്നു. ഡൊമനിക്കൻസിന്റെ ഓരോ ആശ്രവും ഓരോ വിദ്യാകേന്ദ്രമായി രൂപപ്പെടുത്തിയിരുന്നു. പ്രസിദ്ധ കത്തോലിക്കാ വേദശാജ്ഞനായിരുന്ന തോമസ് അക്വിനാസ് (1225-74) ഈ സന്യാസ പ്രസ്ഥാനത്തിലെ ഒരംഗമായിരുന്നു.

ആഗസ്തീനിയൻ ഓർഡർ എന്നതു പതിനൊന്നാം നൂറ്റാണ്ടിൽ ആരംഭിച്ചു. ഇറ്റലിയിലുള്ള വിവിധ സന്യാസ പ്രസ്ഥാനങ്ങളിൽ നിന്നും ഡൊമിനിക്കൽ സന്യാസ പ്രസ്ഥാനത്തിന്റെ നിയമാവലികളോടു ബന്ധപ്പെട്ട ഒരു നിയമസംഹിതയ്ക്ക് രൂപം കൊടുത്തു അലക്സാണ്ടർ 4-ാമൻ പാപ്പാ 1256-ൽ സന്യാസികളെ ചേർത്തു 'അഗസ്റ്റീനിയൻ സഹോദരങ്ങൾ' എന്ന സംഘടനക്കും രൂപം കൊടുത്തിട്ടുണ്ട്. അഗസ്റ്റീനിയസിന്റെ നിയമങ്ങൾക്കനുസരിച്ച് ജീവിച്ച ഇവർ ഇടവക പള്ളികളുടെ ചുമതലകൂടി വഹിച്ചിരുന്നു. വളരെ ലാഘവനിയമങ്ങളായിരുന്നു ഇവർക്കുണ്ടായിരുന്നത്.

### 9. ഓർത്തഡോക്സ് സന്യാസ പ്രസ്ഥാനം ഇന്ന്

ഭൗതികത്തിന്റെ അതിപ്രസരം സന്യാസ പ്രസ്ഥാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ആധുനിക ലോകത്തിൽ മനുഷ്യനു ജീവിത സൗകര്യങ്ങൾ വർദ്ധിച്ചതോടെ അനുഭവിക്കാവുന്നതിന്റെ പരമാവധി അനുഭവിച്ച ഈ ലോകത്തിൽ നിന്നും കടന്നുപോയില്ലെങ്കിൽ അതൊരു നഷ്ടമായിരിക്കുമെന്നും ജീവിതം യഥാർത്ഥമാണെന്നും ദൈവം മനുഷ്യന് ഇവ ഓരോന്നും നല്കുന്നത് അവനനുഭവിച്ചു തൃപ്തിപ്പെടുവാനാണെന്നും ഉപേക്ഷിക്കുന്നതു ദൈവദാനത്തോടുള്ള അവഗണനയാണെന്നുള്ള തത്വശാസ്ത്രം പ്രബലമായിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം ലോകമായത്വം വർദ്ധിച്ചു വരുന്നതിന്റെ പ്രത്യാഘാതങ്ങൾ സന്യാസ പ്രസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. പ്രാർത്ഥനയിൽകൂടി സമൂഹത്തെ സൃഷ്ടിയെ മുഴുവനായി രൂപാന്തരപ്പെടുത്തുവാനുള്ള പ്രാഥമിക ഉത്തരവാദിത്വത്തെ കാറ്റിൽ പറത്തി ഞങ്ങൾക്കു പേരും പെരുമയും അംഗീകരണവും സമൂഹത്തിൽ സന്തോഷവും ലഭിക്കുന്ന ജീവിതശൈലിയിലേക്കു സന്യാസപ്രസ്ഥാനം അധഃപതിക്കുന്ന ചിത്രം പലയിടത്തും കാണാം.

ഒരുകാലത്ത് സന്യാസ ആശ്രമങ്ങൾക്കൊണ്ടു നിറഞ്ഞിരുന്ന ഗ്രീക്കു ഓർത്തഡോക്സ് സഭയിൽ അവ കുറഞ്ഞുകാണുന്നു. എങ്കിലും സന്യാസത്തിന്റെ നല്ല ഉദാഹരണങ്ങൾ ഇന്നുള്ള പല സ്ഥലങ്ങളിലും കാണുവാനുണ്ട്. മൗണ്ട് ആഥോസിൽ മൂവായിരത്തിൽ പരം സന്യാസിമാർ ഉണ്ടായിരുന്ന പന്റലിമൺ എന്ന റഷ്യൻ ആശ്രമത്തിൽ ഇന്നു മുപ്പതു പേരെയുള്ളു. എന്നാൽ മറ്റുള്ള ആശ്രമങ്ങളിലും ഏകാന്തവാസസ്ഥലങ്ങളിലും ക്രമാനുഗതമായി സന്യാസികളുടെ എണ്ണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പുരാതന സന്യാസകേന്ദ്രങ്ങളായിരുന്ന ഈജിപ്ത്, എത്യോപ്യ, സിറിയ എന്നിവിടങ്ങളിൽ ആശ്രമങ്ങളുടെ എണ്ണം പരിമിതങ്ങളാണെങ്കിലും അംഗസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. റഷ്യ, റൂമേനിയ, ബൾഗേറിയ, സേർബിയ എന്നിവടങ്ങളിലെ സഭകളിൽ ആശ്രമപ്രസ്ഥാനത്തെ പുനരുജ്ജീവിപ്പിക്കുവാനുള്ള ശ്രമങ്ങൾ സഭ ഒന്നടങ്കം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇൻഡ്യയിലെ ഓർത്തഡോക്സ് സഭയിൽ സമൂഹ സന്യാസ പ്രസ്ഥാനം ഉടലെടുത്തിട്ട് ഒരു നൂറ്റാണ്ടായിട്ടില്ലെങ്കിലും ആശ്രമങ്ങൾ വളർച്ചയുടെ പാതയിലാണ്. മഠങ്ങളും എണ്ണത്തിൽ വർദ്ധിച്ചിട്ടുണ്ടെങ്കിലും അംഗസംഖ്യയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. സഭയുടെ ജീവിതത്തിൽ സന്യാസ പ്രസ്ഥാനത്തിനുള്ള പങ്ക് അനിഷേധ്യമാണ്. ആധുനിക ലോകത്തിൽ സഭയ്ക്ക്, ഈ രംഗത്ത് പുരോഗതി കൈവരിക്കണമെങ്കിൽ സന്യാസ ജീവിതത്തെക്കുറിച്ചുള്ള ബോധ്യം സഭാംഗങ്ങളിൽ വളരത്തക്ക ബോധനമാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. ആധുനിക ലോകത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ തക്കവണ്ണം സന്യാസ വേദശാസ്ത്രത്തിനു

*(ശേഷം...... പേജ് 7)*

# വിശുദ്ധ കുർബ്ബാനയും പ്രതീക ശക്തിയും-2

ഫാ. ഡോ. കെ.എം. ജോർജ്ജ്

## മണ്ണിൻ വിളവുകൾ

വിശുദ്ധ കുർബ്ബാനയിൽ നാം സമർപ്പിക്കുന്ന അപ്പവീഞ്ഞുകളെപ്പറ്റി സൂചിപ്പിച്ചുവല്ലോ. കുർബ്ബാനയുടെ കേന്ദ്രപ്രതീകമാണു ഈ വസ്തുക്കൾ. മനുഷ്യന്റെ അദ്ധ്വാന ഫലമായ ഈ *മണ്ണിൻ വിളവുകൾ* മനുഷ്യവർഗത്തിന്റെയും സൃഷ്ടി മുഴുവന്റെയും പ്രതീകമാണ്. കുർബ്ബാന അർപ്പിക്കുവാനായി പള്ളിയിൽ കൂടുന്ന ജനങ്ങളുടെ മാത്രമല്ല, സകല മനുഷ്യരുടെയും മൃഗങ്ങളുടെയും പക്ഷികളുടെയും *അചേതന*മെന്നു നാം വിളിക്കുന്ന മുഴുവൻ പ്രപഞ്ചത്തിന്റെയും കൂട്ടായ സമർപ്പണമാണ് അവിടെ നടക്കുന്നത്. കർത്താവിന്റെ ബലിയിലുള്ള പങ്കാളിത്തമാണു വിശുദ്ധ കുർബ്ബാനയെങ്കിൽ / ആ ബലി സകലത്തെയും ദൈവസന്നിധിയിൽ ഒന്നായി നിർത്തുവാൻ വേണ്ടിയായിരുന്നു എന്നു നാം മറക്കരുത്. വിശ്വാസികൾ മാത്രമാണു വി.കുർബ്ബാനയിൽ ദൃശ്യമായി പങ്കെടുക്കുന്നത്. പക്ഷേ വിശ്വാസികൾ വിശ്വാസികൾക്കുവേണ്ടി മാത്രം അർപ്പിക്കുന്നതല്ല കുർബ്ബാന. വിശ്വാസികൾ ദൈവത്തിന്റെ സകല സൃഷ്ടിക്കും വേണ്ടി വിശ്വാസപൂർവ്വം സമർപ്പിക്കുന്നതാണ് യാതാർത്ഥ കുർബ്ബാന. ഏറ്റവും ആദ്യമായി ഇതു ലോകത്തിന്റെ ജീവനുവേണ്ടിയുള്ള കൃതജ്ഞതാർപ്പണമാണ്. കർത്താവു മരിച്ചതും ഉയിർത്തെഴുന്നേറ്റതും ലോകത്തിന്റെ ജീവനുവേണ്ടിയായിരുന്നു. അതുകൊണ്ട് പ്രപഞ്ചത്തിന്റെ ജീവന്-ഭൗതീകവും ആന്തരികവുമായ ജീവനുവേണ്ടി നാം കൃകജ്ഞതയും സ്തോത്രവും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. അവയുടെ പ്രതീകമോ വെറും ചെറിയൊരപ്പവും അൽപ്പം മുന്തിരി രസവും.

## ആചാരവും ചൈതന്യവും

*നമ്മുടെ ചെറിയ ഗ്രഹമായ ഭൂമി* എന്നു ഭൂഗോളത്തെ ഇന്നു വിശേഷിപ്പിക്കാറുണ്ട്. ഒരു ചെറിയ ഗോളാകൃതിയിലുള്ള ദുർബലമായൊരു ഗ്രഹത്തെയാണു ബാഹ്യകാശ സഞ്ചാരികൾ പുറത്തു നിന്നു നോക്കുമ്പോൾ കാണുന്നത്. സൂര്യനും മറ്റു ഗ്രഹങ്ങളുമടങ്ങിയ സൗരയൂഥത്തിന്റെ ഒരു ഭാഗവുമാണ് നമ്മൾ. നമ്മുടെ സൂര്യനെക്കാൾ അനവധി മടങ്ങു വലിപ്പമുള്ള കോടാനുകോടി സൂര്യന്മാരുള്ള നക്ഷത്രസമൂഹങ്ങൾ നമുക്കു ചുറ്റുമുണ്ട്. ഈ അചിന്ത്യ ശക്തിയുൾക്കൊള്ളുന്ന പ്രപഞ്ചം നിരന്തരം പുറത്തേയ്ക്കു വികസിച്ചുകൊണ്ടിരിക്കുന്നു. അതേ സമയം അത് ഒന്നായി നിലകൊള്ളുകയും ചെയ്യുന്നു. നാം ഭൂമിയിൽ നിശ്ചലരായി, സ്ഥിരമായി നിൽക്കുന്നു എന്നു തോന്നുമ്പോഴും നാം പ്രപഞ്ചത്തിന്റെ വികാരസത്വരയിൽ അറിയാതെ പങ്കാളികളാകുന്നു. ഭൂമിയുടെ രണ്ടുതരം കറക്കങ്ങൾക്കു നാം വിധേയരാകുന്നു. ഗാലക്സികളുടെ ആന്ദോളനങ്ങളിൽ നാം സംബന്ധികളാകുന്നു. വിശുദ്ധ കുർബ്ബാനയിൽ അപ്പവീഞ്ഞുകളെ ദൈവത്തിനു സമർപ്പിച്ചു തന്റെ സൃഷ്ടിക്കുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ ഈ ചലനങ്ങളൊന്നും നമ്മെ അലോസരപ്പെടുത്താറില്ല. ആചാര നിബദ്ധവും സ്നേഹശൂന്യവുമായ ഒരു കർമ്മത്തിനു മൂകസാക്ഷികളായി നിലകൊണ്ട്, ശൂന്യമായ മനസ്സോടെ തിരികെപ്പോകുന്ന ധാരാളം ജനങ്ങളുണ്ട്. നമ്മുടെ സമർപ്പണത്തിന്റെ പ്രതീക ശക്തി അനുഭവിച്ചറിഞ്ഞാൽ, ചലനാത്മകവും വികസ്വരവുമായ ഒരു അതീത യാഥാർത്ഥ്യത്തിലേക്കാണു നാം പ്രവേശിക്കുന്നതെന്നു നമുക്കു ബോധ്യമാവും.

പ്രതീകങ്ങളുടെ ശക്തിയെ ഊതിക്കളയുകയും അവയെ വരണ്ട അടയാളപ്പലകകളായി മാറ്റുകയും ചെയ്യുന്നതു പലപ്പോഴും ആചാരനിബദ്ധമായ ആവർത്തനമാണ്. വിശുദ്ധ കുർബ്ബാനയിൽ നാം സ്വീകരിച്ചിരിക്കുന്ന പ്രതീകങ്ങളുടെ ഊർജ്ജസ്രോതസ്സിലേക്കു പ്രവേശിക്കണമെങ്കിൽ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ഒരുക്കവും പങ്കാളിത്തവും ആവശ്യമാണ്. ജനങ്ങൾ വെറും കാണികളായി നിൽക്കുന്ന ആരാധന ഓർത്തഡോക്സ് പാരമ്പര്യമല്ല. *കുർബ്ബാന കാണുക* എന്നല്ല *കുർബ്ബാനയിൽ പങ്കെടുക്കുക* എന്നതാണു നമ്മുടെ യഥാർത്ഥ പാരമ്പര്യം. ഓർത്തഡോക്സ് സഭകൾ വിശുദ്ധ കുർബ്ബാനയുടെ പ്രാധാന്യത്തെക്കുറിച്ച് എന്തെല്ലാം പറഞ്ഞാലും, ഗ്രീക്ക് ഓർത്തഡോക്സ് സഭയിലും മറ്റും കുർബ്ബാന ജനങ്ങൾക്കു കാര്യമായ പങ്കാളിത്തമില്ലാത്ത വെറുമൊരു വൈദികാചാര്യമായി ചിലപ്പോൾ അനുഭവപ്പെടാറുണ്ട്.

## അന്യവൽകൃതമായ പ്രതീകങ്ങൾ

പ്രതീകങ്ങൾ അനുഷ്ടാനപ്രധാനവും അർത്ഥശൂന്യവുമായിത്തീരാനുള്ള സാധ്യത എപ്പോഴുമുണ്ട്. ആരാധനയിൽ അങ്ങനെ സംഭ

വിക്കാൻ ഇടയായാൽ, അതിന്റെ പ്രധാന കാരണം, പ്രതീകങ്ങൾ ജീവനുള്ള ആരാധക സമൂഹത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെടുന്നതാണ്. ഞാൻ ഊഷ്മളമായ സ്നേഹത്തോടെ നിങ്ങളുടെ കൈയിൽ നേരിട്ടു നൽകുന്ന ഒരു സമ്മാനത്തിനു പ്രതീക ശക്തിയുണ്ട്. കാരണം എന്റെ ഹൃദയത്തിന്റെ ഭാഗമാണത്. അതുകൊണ്ട് നിങ്ങളുടെ ഹൃദയത്തിന്റെയും ഭാഗമായി അതു മാറുന്നു. ഇവിടെ പ്രതീക വസ്തു എന്നിൽ നിന്നും നിങ്ങളിൽനിന്നും അന്യമല്ല. എന്നാൽ അതു സമ്മാനം തന്നെ. വെറുമൊരു ഉപചാരം നിർവ്വഹിക്കുവാൻ വേണ്ടി, സ്നേഹശൂന്യമായി, ഞാനൊരു വഴിപോക്കന്റെ കൈയിൽ കൊടുത്തു നിങ്ങളുടെ വീട്ടുപടിക്കൽ വച്ചേക്കാൻ പറഞ്ഞാൽ, അതിന്റെ പ്രതീക ശക്തി വാർന്നു പോകുന്നു. കാരണം പ്രതീകം ജീവനുള്ള മനുഷ്യവ്യക്തിയിൽ നിന്ന് അന്യവൽകൃതമായിരിക്കുന്നു.

*വഴിപാടു നിവർത്തിയ്ക്കുക* എന്ന്, നാം താൽപ്പര്യമില്ലാതെ ചെയ്യുന്ന ചില കർമ്മങ്ങളെ വിശേഷിപ്പിക്കാറുണ്ടല്ലോ. അന്യവൽകൃതമായ പ്രതീകങ്ങൾ ഉപയോഗിച്ചു നടത്തുന്ന എല്ലാ ആരാധനകളും വഴിപാടു നിവൃത്തിക്കലാണ്. നമ്മുടെ കുർബ്ബാനയ്ക്കു സംഭവിക്കാവുന്നതും കുറെയൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ അപകടം ഇതാണ്.

## ശരീരമെന്ന പ്രതീകം

നമ്മുടെ ശരീരത്തിന്റെ വിവിധ ചലനങ്ങളുടെയും നിലകളുടെയും പ്രതീകാത്മകമായ അർത്ഥം തുടക്കത്തിൽ സൂചിപ്പിച്ചല്ലോ. ആത്യന്തികമായി നമ്മുടെ ശരീരം തന്നെയാണ് ആരാധനയിൽ പ്രമുഖപ്രതീകമായി വർത്തിക്കുന്നത്. *നിങ്ങൾ വിവേകപൂർവകമായ ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ* (റോമ, 12:1) ദൈവത്തിന്റെ സാദൃശ്യവും തേജസ്സും വഹിക്കുന്ന നമ്മുടെ ശരീരങ്ങൾ സൃഷ്ടിയിൽ ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ്. ദൈവസ്വഭാവത്തിന്റെയും സൃഷ്ടിതമായ യാഥാർത്ഥ്യത്തിന്റെയും *അതിരിൽ* രണ്ടിന്റെയും സംയുക്ത പ്രതീകമായി നിലകൊള്ളുന്ന മനുഷ്യനെയാണ് ദൈവാരാധനയിൽ സൃഷ്ടിക്കു മുഴുവൻ നേതൃത്വം കൊടുക്കുവാനും സൃഷ്ടിയുടെ പുരോഹിതനായി നിലകൊള്ളാനും ദൈവം വിളിച്ചിരിക്കുന്നത്. നിസ്സായിലെ വിശുദ്ധ ഗ്രീഗോറിയോസിനൊപ്പോലുള്ളവർ മനുഷ്യന്റെ ഈ സവിശേഷമായ ദൗത്യത്തെക്കുറിച്ചു മനോഹരമായി പ്രതിപാദിക്കുന്നുണ്ട്..

അപ്പവീഞ്ഞുകൾക്കും വിശുദ്ധ കൂദാശകളുലുപയോഗിക്കുന്ന വസ്തുക്കൾക്കും കൗദാശിക പ്രതീകത്വം കൈ വരുന്നത് അവ മനുഷ്യശരീരത്തിന്റെയും മനുഷ്യവ്യക്തിത്വത്തിന്റെ ഭാഗമായി സമർപ്പിക്കപ്പെടുമ്പോഴാണ്. എല്ലാറ്റിനും ആധാരമായി മനുഷ്യവതാരം ചെയ്ത ക്രിസ്തുവിന്റെ ശരീരം നിലകൊള്ളുന്നു.

## ജീവനിലേയ്ക്കു

സാധാരണ രീതിയിൽ നാം ലോകത്തിൽ കാണുന്ന പ്രതീകങ്ങൾ നശിച്ചുപോകുകയോ അവയുടെ അർത്ഥം നഷ്ടപ്പെടുകയോ ചെയ്യാം. എന്നാൽ മനുഷ്യശരീരമാകുന്ന പ്രതീകത്തിന്റെ അർത്ഥം മരണത്തിലൂടെ, ഉയിർപ്പിലൂടെ പുതിയ മാനങ്ങൾ കൈവരിക്കുന്നു. ഇവിടെ മനുഷ്യശരീരമെന്നു പറഞ്ഞാൽ അതിൽ ഈ വസ്തുമയമായ പ്രപഞ്ചവും അതിലുള്ള സകല ചരാചരങ്ങളും ഉൾക്കൊള്ളുന്നു. കാരണം ദൈവസാദൃശ്യം വഹിക്കുന്ന മനുഷ്യശരീരത്തിന് അത്രത്തോളം വിശാലമായ അർത്ഥവിഷയമുണ്ട്. ആ ശരീരം ഒരു വ്യക്തിയുടെ ജഡരക്തങ്ങൾ മാത്രമല്ല, വിശുദ്ധ കുർബ്ബാനയിൽ, അപ്പവീഞ്ഞുകളിലൂടെ, അവയർപ്പിക്കുന്ന മനുഷ്യരെയും സകല സൃഷ്ടിയെയും നാം സമർപ്പിക്കുമ്പാൾ അവയെ മരണത്തിനതീതമായ ജീവനുവേണ്ടിയാണ് നാം അർപ്പിക്കുന്നത്. മനുഷ്യൻ തമ്മിൽ കൈമാറുകയും മനുഷ്യബന്ധങ്ങൾ മുറിയുമ്പോൾ നഷ്ടീഭവിക്കുകയും ചെയ്യുന്ന പ്രതീകങ്ങൾ പോലെയല്ല, ഇത് വിശുദ്ധ കുർബാനയിലെ പ്രതീകാർപ്പണത്തിലൂടെ ജീവന്റെ പുതിയ അനുഭവത്തിലേക്കു സൃഷ്ടിയെ നാം ഉപനയിക്കുകയാണ്. ഇവിടെ പ്രതീകത്തെ താങ്ങി നിർത്തുകയും പരിപോഷിപ്പിക്കുകയും അതിന്റെ അർത്ഥത്തെ സജീവവും വികസ്വരവുമാക്കുകയും ചെയ്യുന്നതു ദൈവത്തിന്റെ ആർദ്രകരുണയും ഇച്ഛയുമാണ്. മനുഷ്യന്റെ ഇച്ഛയും താൽക്കാലിക വികാരങ്ങളും സൃഷ്ടിക്കുന്ന പ്രതീകങ്ങൾ പോലെയല്ല ഇത്.

## പരിസ്ഥിതിയും മനുഷ്യശരീരവും

ഇന്നു പരിസ്ഥിതി പ്രതിസന്ധിയെക്കുറിച്ച കൂടുതൽ അവബോധം മനുഷ്യർക്ക് ഉണ്ടായിക്കൊണ്ടിരിക്കയാണ്. മനുഷ്യരുടെ തെറ്റായ പ്രവർത്തനങ്ങൾ മൂലമാണു നമ്മുടെ ഭൂമിയും അതിന്റെ അന്തരീക്ഷവും ക്രമേണ നാശത്തിനു വിധേയമാകുന്നത് എന്ന വസ്തുത പൊതുവെ അംഗീകൃതമായിട്ടുണ്ട്. എന്നാൽ ശരീരത്തോടുള്ള നമ്മുടെ നിലപാടും പരിസ്ഥിതി പ്രതിസന്ധിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു കാര്യമായൊന്നും ആരും പറഞ്ഞു കേൾക്കുന്നില്ല.

മനുഷ്യശരീരത്തെ അമിതമായി ശ്രദ്ധിക്കുകയും സുഖഭോഗങ്ങൾക്കുള്ള ഒരു ഉപകരണമായി അതിനെ പരിഗണിക്കുകയും ചെയ്യുന്ന രീതി സമ്പന്നമായ പാശ്ചാത്യരാജ്യങ്ങളിൽ കാണാം. ശരീരത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിലുപരി, അതിന്റെ മോഹങ്ങളുടെയും അഭിലാഷങ്ങളുടെയും പൂർത്തീകരണത്തിനായി ലോകം മുഴുവൻ വെട്ടിപ്പിടിക്കുകയും, മറ്റു മനുഷ്യരെ ചൂഷണം ചെയ്യുകയും, അനീതിയും അസമത്വവും വച്ചുപുലർത്തുകയും ചെയ്യുന്ന പ്രബലമായ പ്രവണതയാണ് ആധുനിക പാശ്ചാത്യ സംസ്ക്കാരം കാണിക്കുന്നത്. കൺസ്യൂമറിസം എന്നു വിളിക്കപ്പെടുന്ന ഉപഭോഗ സംസ്ക്കാരത്തിന്റെ പ്രധാന ലക്ഷ്യം തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നതാണ്. അതിനായി എന്ത് അനീതിയും അന്താരാഷ്ട്രതല ത്തിൽ പ്രവർത്തിക്കാൻ പാശ്ചാത്യർക്കു മടിയില്ല. നമ്മുടെ ശരീരത്തിന്റെ അവിഭാജ്യ ഘടകമാണു മറ്റുള്ളവരുടെ ശരീരങ്ങളും ഈ പ്രപഞ്ചവും എന്ന ആശയം സ്വീകരിക്കാൻ ഇവർക്ക് മടിയാണ്. ഞാനും എന്റെ ശരീരവും മാത്രം എന്ന ചിന്ത അത്രയ്ക്ക് രൂഢമൂലമാണിവിടെ. അതുകൊണ്ടു നാം ഭൂമിയെയും മറ്റു മനുഷ്യരെയും സ്വാർത്ഥമോഹപ്രേരിതരായി ചൂഷണം ചെയ്യുമ്പോൾ നമ്മുടെ ശരീരത്തെത്തന്നെയാണു ചൂഷണം ചെയ്യുന്നത് എന്ന സത്യം മനസ്സിലാക്കാൻ പലർക്കും കഴിയാതെ പോകുന്നു. മനുഷ്യശരീരം ദിവ്യമായ ദൗത്യം നിറവേറ്റാനുള്ള മാധ്യമമാണ്, അതു ദൈവ സാന്നിധ്യം സംവഹിക്കുന്ന കുദാശയാണു, അതിന്റെ രൂപാന്തരത്തിലൂടെ സൃഷ്ടി മുഴുവൻ ദൈവതേ ജസ്സിന്റെ അനുഭവം പ്രാപിക്കേണ്ടതാണ എന്ന ക്രിസ്തീയ സന്ദേശമാണു വിശുദ്ധ കുർബ്ബാനയിലൂടെ നമുക്ക് ലഭിക്കുന്നത്. മനുഷ്യശരീരത്തെ വിശുദ്ധമായി കരുതി, 'പരിശുദ്ധാത്മാവിന്റെ മന്ദിര'മായി അതിനെ കണ്ടാൽ മാത്രമേ, ദൈവസൃഷ്ടിയെ മുഴുവൻ പരിശുദ്ധാത്മാവിന്റെ ദേവലായമായി മനസ്സിലാക്കാൻ നമുക്ക് സാധിക്കയുള്ളൂ.

**വിലയിടിഞ്ഞ മനുഷ്യജീവിതം**

മുകളിൽ പറഞ്ഞ പാശ്ചത്യ നിലപാടിനു ഒരു മറുവശമുണ്ട്. ഏഷ്യയിൽ പൊതുവെയും; പ്രത്യേകിച്ചു നമ്മുടെ ഇന്ത്യയിലും, മനുഷ്യശരീരത്തിനു വലിയ വിലയൊന്നും കൽപ്പിച്ചു കാണുന്നില്ല. മറ്റു മനുഷ്യരുടെ വേദനയെക്കുറിച്ചു കാര്യമായ ശ്രദ്ധ നമുക്കില്ലെന്നു തോന്നുന്നു. ആത്മാഭിമാനമില്ലാതെ, അന്തസ്സ് ലഭിക്കാതെ, വെറും കൃമികളെപ്പോലെ ഇഴഞ്ഞു നീങ്ങുന്ന മനുഷ്യജീവിതങ്ങളെക്കുറിച്ച് ആർക്കും പ്രത്യേകിച്ചു കരുതലോ ഭാരമോ ഇല്ല. ഒരു തരം ഉദാസീനതയുടെയും അലക്ഷ്യതയുടെയും ചാരം മൂടിക്കിടക്കുന്ന മനോഭാവം സർക്കാരിലും സമൂഹത്തിലും എമ്പാടും കാണാം. മ്ലേച്ഛമായ സ്വാർത്ഥത മുൻനിർത്തി ജീവിക്കുന്ന നമ്മുടെ ഒരു ചെറിയ വിഭാഗം മാത്രം രക്ഷപെടുന്ന ഒരു സാഹചര്യമാണു നമ്മുടെ രാജ്യത്തു നിലനിൽക്കുന്നത്. ശരീരത്തിന്റെ ആഗ്രഹങ്ങൾക്കു നൂറായിരം മുളകൾ വിരിയിച്ച്, അതിനയെല്ലാം രമിപ്പിച്ചു ജീവിക്കാൻ കോപ്പൊരുക്കുന്ന പടിഞ്ഞാറൻ നാണയത്തിന്റെ മറുവശമാണു നമ്മുടെ രാജ്യത്തു കാണുന്ന ഉദാസീനത. ഇവ രണ്ടും ഒരുപോലെ നികൃ.ഷ്ടമാണ്.

മനുഷ്യശരീരത്തിനു മതിപ്പു നൽകാത്ത ഒരു സാംസ്കാരിക പരിതോവസ്ഥയിൽ, വിശുദ്ധ കുർബാനയിൽ സമർപ്പിക്കപ്പെടുന്ന അപ്പവീഞ്ഞുകളുടെ പ്രതീകശക്തി നഷ്പ്പെടാം. നൂറ്റാണ്ടുകളായി നാമിവിടെ വിശുദ്ധ കുർബാന അർപ്പിച്ചിട്ടും, അതിന്റെ സാമൂഹികവും സാമ്പത്തികമായ വിവക്ഷകളെ നമുക്കു വലിയ താൽപ്പര്യമില്ല. തിന്മയോടു പ്രതികരിക്കാത്ത ഒരു സമൂഹത്തിൽ കുർബാനയർപ്പണം വെറുമൊരു ആചാരമായി മാത്രം നിലനിൽക്കാൻ സാധ്യതയേറും.

❐

*(സന്യാസ.........തുടർച്ച...... പേജ് 4)*

പുതിയ രൂപവും പുറം ചട്ടയും നല്കിയെങ്കിലെ സാധിക്കൂ. നാലാം നൂറ്റാണ്ടുവരെ പഴക്കമുള്ള സന്യാസ നിയമങ്ങളിൽ പലതും ആധുനിക മാനദണ്ഡങ്ങളനുസരിച്ചു പുനരുജ്ജീവിപ്പിക്കുവാൻ കഴിയണം. ദൈവസൃഷ്ടിയായ പ്രകൃതിയെക്കുറിച്ചും അതിലുള്ള ജീവിത യാഥാർത്ഥ്യത്തെക്കുറിച്ചും അവയോടു ബന്ധപ്പെട്ടുള്ള ജീവിതത്തിൽ കൂടി സൃഷ്ടിയെ മുഴുവനായി രൂപാന്തരപ്പെടുത്തുന്ന ഒരു സന്യാസ നിയമാവലിക്കു രൂപം കൊടുക്കണമോ എന്നു ചിന്തിക്കേണ്ടതാണ്. ഓർത്തഡോക്സ് വേദശാസ്ത്രത്തിനു ഭാരതമണ്ണിൽ കാലുകുത്തുവാൻ കഴിയുമ്പോൾ ഭാരതസംസ്കാരത്തിലെ ജീവിത ദർശനങ്ങളുടെ പശ്ചാത്തലത്തിൽ, ഭാരതത്തിലെ അതി പുരാതന സന്യാസ ദർശനങ്ങളിൽ നിന്നും നമുക്കു പലതും ഉൾക്കൊള്ളുവാൻ കഴിയും. ഇൻഡ്യൻ ഓർത്തഡോക്സ് സഭയുടെ സന്യാസ പ്രസ്ഥാനത്തിനു നൂതനമായ ഒരു കാഴ്ചപ്പാടൊടെ ഉരുത്തിയുവാൻ നമുക്ക് പ്രത്യാശിക്കാം.

❐

# വിശുദ്ധ കുർബ്ബാനയിൽ വിശ്വാസികളുടെ പങ്കാളിത്തം

ഫാ. സി.സി. ചെറിയാൻ

ശ്രേഷ്ഠ മഹാപുരോഹിതനായ യേശുക്രിസ്തുവിന്റെ പരമയാഗമായ വി. കുർബ്ബാന, തന്റെ രണ്ടാമത്തെ വരവുവരെ അനുഷ്ഠിക്കുവാൻ വി. സഭയെ താൻ ഭാരമേൽപ്പിച്ചിരിക്കുകയാണല്ലോ. ഇപ്രകാരം നിങ്ങൾ അനുഷ്ഠിപ്പിൻ എന്ന് പ്രത്യേകമായി ഭരമേൽപ്പിച്ച മറ്റൊരു കാര്യവും സഭയ്ക്കു അനുഷ്ഠിപ്പാനില്ലാത്തവിധം വി. കുർബാന അത്രമാത്രം പ്രാധാന്യം അർഹിക്കുന്നുണ്ട്. കർത്താവിന്റെ രാജത്വം, പ്രവാചകത്വം, പൗരോഹിത്യം എന്നിവയിൽ വി. മാമോദീസാ മൂലം പങ്കുകാരായി, അതതുകാല, ദേശ സംസ്കാരങ്ങൾക്കു അനുയോജ്യമായ, യേശുക്രിസ്തുവിന്റെ മനുഷ്യാവതാര ശുശ്രൂഷ നിർവഹിക്കുന്നതിനു ദൈവം തെരഞ്ഞെടുത്താക്കിയിരിക്കുന്ന രാജകീയ പുരോഹിതവർഗ്ഗമാണ് സഭ. കർത്താവിന്റെ ശുശ്രൂഷയിൽ നിന്നും അന്യമായ ഒരു ശുശ്രൂഷയും സഭയ്ക്കു നിർവഹിക്കാനില്ല. കർത്താവിന്റെ ശുശ്രൂഷയെ വിലയിരുത്തുമ്പോൾ താഴെ പറയുന്ന നിലകളിലെല്ലാം കർത്താവ് പ്രവർത്തിച്ചു എന്നു കാണാം. (1) ദാസൻ (Servant), (ഫിലി.2:7; മത്തായി. 12:18; അ.പ്ര. 13:13); (2) ശുശ്രൂഷകൻ. (Deacon), റോമ. 15:89, ലൂക്കോ. 22:27; (3) അപ്പൊസ്തലൻ (അയയ്ക്കപ്പെട്ടവൻ) എബ്രാ. 3:1; മർക്കോ. 9:37; (4) ഉപദേഷ്ടാവ് (Teacher) മത്തായി. 23:8, /മൗ. 13:13; (5) അദ്ധ്യക്ഷൻ (Episcopa)(1 പത്രോ. 2:25;5:4) (6) ഇടയൻ (Shepherd) 1 പത്രോ. 2:25, 5:4; എബ്രാ. 13:20) (7) മഹാപുരോഹിതൻ (High Priest) എബ്രാ. 7:26. മേൽപ്പറഞ്ഞ വിവിധ സ്ഥാനങ്ങളിലൂടെ നിർവഹിക്കപ്പെടുന്ന ശുശ്രൂഷകളിൽ കർത്താവിന്റെ മഹാ പൗരോഹിത്യ ശുശ്രൂഷയാണ് മുഖ്യമായും വി.കുർബ്ബാനയിൽ നിർവഹിക്കപ്പെടുന്നത്.

പഴയനിയമ പൗരോഹിത്യം ഈ പൗരോഹിത്യത്തിന്റെ നിഴലും, പുതിയനിയമ പൗരോഹിത്യം കർത്താവിന്റെ പൗരോഹിത്യത്തിന്റെ പൊരുളും തുടർച്ചയുമാണ്. പഴയനിയമ പൗരോഹിത്യം പൗരോഹിത്യ കുടുംബത്തിൽ, ശാരീരികമായി ജനിക്കുന്നതിലൂടെ വ്യക്തിപരമായി ലഭിക്കുന്നു. എന്നാൽ പുതിയ നിയമ പൗരോഹിത്യം സഭയിലുള്ള വീണ്ടും ജനനത്തിലൂടെ, അഥവാ വി. മാമോദീസായിലൂടെ സമൂഹത്തിനായി ലഭിക്കുന്നു. ആ നിലയിൽ, കർത്താവിന്റെ നാമത്തിൽ വി. മാമോദീസാ ഏൽക്കുന്നവർ, കർത്താവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരാകുന്നുണ്ട് എന്ന് വച്ച് മാമോദീസാ ഏറ്റവർ, അവരവരിൽ തന്നെ വ്യക്തികളായി പുരോഹിതരാണെന്ന വിശ്വാസം ഓർത്തഡോക്സ് സഭയിൽ സ്വീകാര്യമല്ല. സഭയ്ക്കു മുഴുവനുമായിട്ടാണു പൗരോഹിത്യം നല്കപ്പെടുന്നത്. വി. മാമോദീസായിലൂടെ വ്യക്തികൾ സഭയുടെ പൗരോഹിത്യത്തിൽ പങ്കുകാരാകുന്നു എന്നു മാത്രം. ആ പങ്കാളിത്തത്തിലൂടെയാണ് വി. ബലിയാകുന്ന കുർബ്ബാനയിൽ പങ്കുകാരാകാൻ വിശ്വാസികൾക്ക് അവകാശം ലഭിക്കുന്നത്. ചുരുക്കത്തിൽ വി. കുർബ്ബാന കർത്തൃ ശരീരമായ സഭ മുഴുവനുമായാണു അനുഷ്ഠിക്കുന്നത്; അതിൽ പങ്കെടുക്കുന്നത് സഭയുമായി ബന്ധപ്പെട്ടു നില്ക്കുന്നവർ മാത്രവും. സഭയിൽ നിന്നു മാറി നിൽക്കുന്നവർക്കു വി.കുർബ്ബാനയിൽ സംബന്ധിപ്പാനുള്ള അവകാശം നഷ്ടപ്പെടുന്നു.

ആരാധിക്കുന്ന സമൂഹമായ സഭയുടെ മുഴുവൻ മേൽനോട്ടവും നിയന്ത്രണവും കർത്താവ് നേരിട്ടു ഭരമേൽപ്പിച്ചിരിക്കുന്നത് അപ്പൊസ്തലന്മാരെയും അപ്പോസ്തലന്മാർ മേൽപ്പട്ടക്കാരെയും, മേൽപ്പട്ടക്കാർ പട്ടക്കാരെയും ആണ്. ആ അപ്പൊസ്തല നൽവരത്തിന്റെ പിൻതുടർത്തക്കാരായി നിയമാനുസൃതമായി കൈവയ്പ് ലഭിച്ച് അധികാരം പ്രാപിച്ച പട്ടത്വ നൽവരമുള്ള കശ്ശീശന്മാരാണ് ഇടവക തലത്തിൽ വി. കുർബ്ബാനയുൾപ്പെടെയുള്ള സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും ചുമതലക്കാർ. ഈ മേലന്വേഷണാധികാരം ലഭിക്കേണ്ട വ്യക്തിയെ തെരഞ്ഞെടുക്കുവാൻ സഭക്കു മുഴുവനുമായി അധികാരമുണ്ടെങ്കിലും, തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയിൽ അപ്പൊസ്തലാധികാരമാകുന്ന 'കൈവയ്പ്' അല്ലെങ്കിൽ പട്ടത്വം നൽവരം ജനം കൊടുക്കുന്ന അധികാരമല്ല. പ്രത്യുത, കർത്താവ് തന്നെ ഏർപ്പെടുത്തിയ പ്രത്യേക പരിശുദ്ധാത്മ

നൽവരമാണ്. മാമ്മോദീസായാകുന്ന കൂദാശയിലൂടെ ഒരാൾ നിത്യമായി ക്രിസ്താനിയാക്കപ്പെടുന്നതുപോലെ, വി. പട്ടാഭിഷേകമാകുന്ന കൂദാശയിലൂടെ ഒരു ക്രിസ്ത്യാനി നിത്യമായി പട്ടക്കാരനോ മേൽപ്പട്ടക്കാരനോ ആയിത്തീരുന്നു എന്ന് ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു. അതുകൊണ്ടു തന്നെ, കാലാവധി വച്ചുകൊണ്ട് പ്രവർത്തിക്കുവാനായി ജനം തെരഞ്ഞെടുത്താക്കുന്ന ഒരു തസ്തികയായി പട്ടത്വ സ്ഥാനത്തെ തരം താഴ്ത്തുന്ന പ്രവണത വി. വേദപുസ്തകത്തിനോ, സഭാപാരമ്പര്യങ്ങൾക്കോ നിരക്കാത്തതാണ്.

ചുരുക്കത്തിൽ, വി.മാമ്മോദീസായിലൂടെ കർത്താവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന സഭാംഗങ്ങൾ മുഴുവനായും അർപ്പിക്കുന്ന ബലിയർപ്പണത്തിനു നേതൃത്വം നല്കുന്നതിന് ശരിയായ പട്ടത്വസ്ഥാനികൾ ഇല്ലാതെ സഭ സമ്മേളിക്കാനാവില്ല. സഭയുള്ളിടത്തോളം സഭയിൽ പട്ടത്വസ്ഥാനികൾ ഉണ്ടായിരിക്കണം. ശരീരത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ശിരസ്സും, തലച്ചോറും, നാഡീവ്യൂഹങ്ങളും ശരീരത്തിന്റെ ഭാഗം തന്നെയാണ്. എന്നിരുന്നാലും, ശരീരത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളെയും നിയന്ത്രിക്കാനും പ്രവർത്തനോന്മുഖമാക്കാനുള്ള ചുമതല വേണ്ടവിധത്തിൽ അംഗീകരിക്കപ്പെട്ടു നടപ്പാക്കപ്പെടുന്നില്ലെങ്കിൽ ഉണ്ടാകുന്ന ശാരീരിക പ്രവർത്തനം ഊഹിക്കാവുന്നതാണല്ലോ. അപ്രകാരം സഭയിലും പട്ടത്വസ്ഥാനികൾ, വേണ്ടവിധം അംഗീകരിക്കപ്പെട്ട് അവരുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിച്ചു പ്രോത്സാഹിപ്പിക്കപ്പെടുമ്പോൾ മാത്രമേ സഭാഗോത്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുകയുള്ളു. കോലോ. 2:19 ൽ പറയുന്നതുപോലെ തലച്ചോറും നാഡീവ്യൂഹവുമില്ലാതെ ശരീരത്തിനും, ശരീരമില്ലാതെ തലച്ചോറിനും സാഡീവ്യൂഹത്തിനും നിലനിൽപ്പില്ലാത്തതിനാൽ പരസ്പരം സഹകരിച്ച് അംഗീകരിച്ചു പ്രവർത്തിച്ചാൽ മാത്രമെ സഭയിൽ വി. കുർബ്ബാനയുൾപ്പെടെയുള്ള എല്ലാ ജീവിതാനുഷ്ഠാനങ്ങളും വേണ്ടിവിധം നിർവഹിക്കപ്പെടുകയുള്ള. പട്ടക്കാരും ജനങ്ങളും ഈ തത്ത്വം വേണ്ടവിധം മനസ്സിലാക്കി, ഒത്തൊരുമിച്ച് പ്രവർത്തിച്ചാലേ സഭയുടെ യഥാർത്ഥ വളർച്ചയും പ്രവർത്തനവും സാദ്ധ്യമാകൂ. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലെ ആവശ്യങ്ങൾ ശിരസ്സിലെത്തിക്കുന്ന പ്രവർത്തനക്ഷമമായ അവയവങ്ങളിലേക്കെത്തിക്കുന്ന നാഡീവ്യൂഹവും ആ നിർദ്ദേശങ്ങളെ ആദരവോടെ സ്വീകരിച്ച് വേണ്ടവിധം ഉടനെ നടപ്പാക്കുന്ന അവയവങ്ങളും ശരീരത്തിൽ സജീവമായി പ്രവർത്തിച്ചാലേ ശാരീരിപ്രവർത്തനങ്ങൾ വിജയപ്രദമാകുകയുള്ളു. ഇതു തന്നെയാണു കർത്തൃശരീരമായ സഭയുടെയും സ്ഥിതി. പട്ടക്കാരും ജനങ്ങളും പരസ്പരം അറിയുക, അംഗീകരിക്കുക, പ്രോത്സാഹിപ്പിക്കുക, സഹകരിക്കുക-ഇവയെല്ലാം സഭയുടെ വളർച്ചയിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ്.

നിർഭാഗ്യവശാൽ, അവരവരുടെ സ്ഥാനങ്ങളെപ്പറ്റി, അവരവർക്ക് നല്ലതെന്നു തോന്നുന്ന വീക്ഷണ ഗതി വച്ചുപുലർത്തുന്ന പട്ടക്കാരും ജനങ്ങളും സഭയിലുണ്ട്. കർത്താവിന്റെ പൗരോഹിത്യം നേരിട്ടു പത്രോസിനും, അവിടെനിന്നും മാർപാപ്പായ്ക്കും അവരിലൂടെ ഒടുവിൽ വൈദികർക്കും ലഭിക്കുന്നതാണെന്നും, ആ പൗരോഹിത്യത്തിൽ വി. മാമോദീസാ മുങ്ങിയ വിശ്വാസികൾക്ക് യാതൊരു പങ്കുമില്ലെന്നും, പൗരോഹിത്യത്തിനടുത്ത എല്ലാ കാര്യങ്ങളും പട്ടക്കാരുടെ മാത്രം കുത്തകയാണെന്നും അതിന്റെ അനുഗ്രഹം പ്രാപിക്കുന്ന ഗുണഭോക്താക്കൾ മാത്രമാണു വിശ്വാസികളെന്നും അപ്രകാരം അവർ അല്മായർ (Laymen=അറിവില്ലാത്തവർ) എന്ന നിലപാടും നമുക്കു സ്വീകാര്യമല്ല. ഓർത്തഡോക്സ് സഭയിലെ വൈദികരിൽ ചിലർക്കെങ്കിലും ഈ റോമ വാദത്തിന്റെ പരിണത ഫലമായിട്ടാണ്, റോമാ സഭയിൽ 16–ാം നൂറ്റാണ്ടിൽ നവീകരണ പ്രസ്ഥാനം വളർന്നു വന്നത്. ഓർത്തഡോക്സ് സഭകളിലൊന്നും തന്നെ നവീകരണ പ്രസ്ഥാനം ഉടലെടുത്തില്ല എന്നതു പ്രത്യേകം ഓർത്തിരിക്കണം. കാരണം അവിടെ നവീകരിക്കാനായി ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ, ഇന്നു മറ്റു സഭകളുമായുള്ള ബന്ധത്തിലൂടെ പല കാര്യങ്ങളും ഓർത്തഡോക്സ് സഭയിൽ കടന്നുകൂടിയിട്ടുണ്ടാകാം. അവ വേദപുസ്തക വെളിച്ചത്തിലും സഭാ പാരമ്പര്യ പഠനത്തിലും വിലയിരുത്തേണ്ടതുണ്ട്.

റോമാ വാദത്തോടു വൈദികരിൽ ചിലർക്കു പ്രതിപത്തി ഉണ്ടായതുപോലെ തന്നെ നവീകരണ പ്രസ്ഥാനത്തിൽ താല്പര്യം ജനിച്ച ചില വിശ്വാസികളും സഭയിലുണ്ട്. പട്ടക്കാരില്ലെങ്കിലും സഭയാകകാമെന്നും സഭയുടെ കാര്യങ്ങൾ ഞങ്ങൾ നടത്തിക്കൊള്ളാമെന്നും, അതിനുള്ള അധികാരം ഞങ്ങൾക്കുണ്ടെന്നും പട്ടക്കാരുടെ അധികാരം തന്നെ തങ്ങൾ നല്കിയതാണെന്നുമൊക്കെയുള്ള നവീകരണ വാദഗതികൾ ഉയർത്തിപ്പിടിക്കുന്ന

സഭാംഗങ്ങളും ഓർത്തഡോക്സ് സമീപനമല്ല കൈക്കൊള്ളുന്നത്. അവരെ ആ കാര്യത്തിൽ കുറ്റം പറയാനാവില്ല. കാരണം അവർ വായിക്കാനും പഠിക്കാനും കേൾക്കാനും ഇടയായിട്ടുള്ള പുസ്തകങ്ങളും പ്രസംഗങ്ങളും ക്ലാസ്സുകളുമൊക്കെ അധികപങ്കും നവീകരണ പ്രസ്ഥാനക്കാരുടേതായിരുന്നു. ഓർത്തഡോക്സ് വിശ്വാസവും, ഉപദേശവും, രീതികളും, സമീപനങ്ങലും എന്തെല്ലാമാണെന്നു വേണ്ടവിധം ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുന്ന ഒരു സീപനം സഭാ നേതൃത്വം വേണ്ടവിധത്തിൽ നടപ്പാക്കിയില്ല എന്നതു വൈദിക നേതൃത്വത്തിന്റെ തന്നെ കൃത്യ വിലോപമല്ലേ?

വി. കുർബ്ബാന എന്നതു കേവലം കുറെ അനുഷ്ഠാനങ്ങൾ മാത്രമാണെന്നും അതു തെറ്റുകൂടാതെ അനുഷ്ഠിച്ചു കഴിഞ്ഞാൽ തങ്ങളുടെ പൗരോഹിത്യ ധർമ്മം കഴിഞ്ഞു എന്നുള്ള പൂജാരി മനോഭാവമല്ലേ, നമ്മുടെ ജനത്തിന്റെ നിഷ്ക്രിയത്വത്തിനു മുഖ്യ കാരണം? സഭയിൽ ജനപങ്കാളിത്തം വേണ്ടത്ര ഉണ്ടാകുന്നതിലൂടെ മാത്രമേ സഭാജീവിതം പുഷ്ടിപ്പെട്ടു ക്രിസ്തീയ സാക്ഷ്യം നിർവഹിക്കപ്പെടുകയുള്ള എന്ന ഉൾബോധം വൈദിക നേതൃത്വത്തിൽ ഇനിയും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ആരാധനയിൽ പട്ടക്കാരനും ജനവും കൂടിച്ചേർന്നാണ് ബലിയർപ്പണം നിർവ്വഹിക്കുന്നത്. ഈ ബലി നിനക്കർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ എന്നും സ്തുതിയും സ്തോത്രവും (യൂക്കോറിസ്റ്റ്) സദാ സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.... എന്നുമാണല്ലോ പട്ടക്കാരൻ ജനത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് വി. കുർബ്ബാനയിൽ ചൊല്ലുന്നത്. അപ്രകാരം സഭയുടം മുഴുവനുമായുള്ള ഒരു ശുശ്രൂഷയാണെങ്കിൽ സഭാജീവിതത്തിന്റെ എല്ലാ മണ്ഡലങ്ഹളിലും ജനപങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുവാൻ വൈദിക നേതൃത്വം ഇനിയും ഉത്സാഹിക്കേണ്ടിയിരിക്കുന്നു.

താഴെ പറയുന്ന ചില നിർദ്ദേശങ്ങൾ സമർപ്പിക്കട്ടെ:

1. ഇടവകാംഗങ്ങളുടെ പൂർണ്ണ പങ്കാളിത്തം ആരാധനയിലും അനുഷ്ഠാനങ്ങളിലും ഉറപ്പു വരുത്തുന്നതിന് ഉർജിത ശ്രമ നടത്തുക എന്നതു വൈദികരുടെ അനുദിന ജോലിയായി കരുതുക. ഇടവകാംഗങ്ങളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ ആവശ്യങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ അവരുടെ പങ്കാളിത്തം കൂടുതൽ ഉണ്ടാകും.

2. വിശ്വാസികൾ ആരാധനയിൽ കേവലം കാണികളല്ലെന്നും അർപ്പിക്കുന്നവരാണെന്നും അവരെ ബോദ്ധ്യപ്പെടുത്തി, വി.കുർബ്ബാനാനുഭവത്തിന് ഒരുങ്ങി വരുന്നതിനായി അവരെ പ്രോത്സാഹിപ്പിക്കുക.

3. വിശ്വാസികളുടെ പദവി, അവകാശങ്ങൾ, ചുമതലകൾ എന്നിവയെപ്പറ്റി അവരെ ബോധവാന്മാരാക്കുന്നതിലേക്ക് അവരെ പഠിപ്പിക്കുവാനുള്ള പദ്ധതികൾ ഇടവകയിൽ നടപ്പാക്കുക. ഇതിലേക്കാവശ്യമായ പഠനസാമഗ്രികളും മറ്റു വരുത്തി ഒരു ക്രിസ്തീയ ഗ്രന്ഥശാല ഓരോ ഇടവകയിലും, കഴിവുള്ളവരുടെ ഭവനങ്ങളിലും സംഘടിപ്പിക്കുവാൻ നേതൃത്വം നല്കുക. തെരഞ്ഞെടുത്ത നല്ല ഗ്രന്ഥങ്ങൾ മാത്രം വിശ്വാസികൾക്ക് നല്കുവാൻ പ്രത്യേക മാർഗ്ഗനിർദ്ദേശം സഭാകേന്ദ്രത്തിൽ നിന്നും വൈദികർ സ്വീകരിക്കേണ്ടതാണ്.

4. ബുദ്ധിപരമായ അറിവിനോടൊപ്പം നല്ല ക്രിസ്തീയ ജീവിതമുള്ള വ്യക്തികളെ വാർത്തെടുക്കുന്ന പരിശീലന കേന്ദമായി ഇടവകയെ രൂപാന്തരപ്പെടുത്തുന്നതിലേക്ക് പട്ടക്കാരുടെ വ്യക്തിപരമായ പ്രാർത്ഥനാ ജീവിതവും, വളരെ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണ്. ആ കാര്യത്തിൽ വൈദികർ പ്രത്യേകം ഊന്നൽ നല്കണം.

5. സഭാംഗങ്ങളുടെ ആദ്ധ്യാത്മിക ജീവിതം കുടുംബത്തിലും ഇടവകകളിലും മാത്രമായി ഒതുങ്ങിനിൽക്കാതെ, തങ്ങളുടെ ചുറ്റുപാടുമുള്ള സമൂഹത്തിലേക്ക് വ്യാപിപ്പിക്കുവാനും അതിനാവശ്യമായ പ്രവർത്തനങ്ങൾ അവരുടം സഹകരണത്തോടെ സമർപ്പിക്കുവാനും വൈദികർ നേതൃത്വം നല്കണം. അങ്ങനെ വരുമ്പോൾ അനുദിന ജീവിതത്തിനു പ്രസക്തമായ ആദ്ധ്യാത്മിക ജീവിതവും അനുഷ്ഠാന രീതികളും രൂപംകൊണ്ടുവരും. സമൂഹത്തിലെ പ്രശ്നങ്ങളോടു നിസംഗത പാലിക്കാതെ അർത്ഥവത്തായി ക്രിസ്തീയ പ്രതികരണം പ്രകടിപ്പിക്കുവാൻ സഭാംഗങ്ങളിൽ അവരുടം വിവിധ കഴിവുകളെ വളർത്തിയെടുത്തു മുഴുവനുമായി പരിശീലിപ്പിച്ചെടുക്കുന്ന ഒരു ആരാധനാ ജീവിതശൈലി വളർന്നുവരുവാൻ പട്ടക്കാരും ജനങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കണം.

❐

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
# പൗരസ്ത്യ കാതോലിക്കേറ്റ്

## പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ

## 1976 – 1983

### സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ

### (Codified and edited)

*(പരിശുദ്ധ സുന്നഹദോസ് നിശ്ചയങ്ങളിൽ നിന്ന് സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ അംഗീകാരത്തോടുകൂടി പ്രസിദ്ധപ്പെടുത്തണമെന്ന് പ.സുന്നഹദോസ് നിശ്ചയിച്ചതനുസരിച്ച് പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ കാലത്ത് 1976 മുതൽ നടത്തിയിട്ടുള്ള പ. സുന്നഹദോസുകളുടെ പ്രസക്ത നിശ്ചയങ്ങൾ സമാഹരിച്ച് പ്രകാശനം ചെയ്തിട്ടുള്ളവയാണ് ഇത്.)*

*(കഴിഞ്ഞ ലക്കം തുടർച്ച......)*

**6. Vienna Conversation between Oriental Orthodox and Roman Catholic Theologians**

പ്രസ്തുത സംഭാഷണങ്ങളിൽ എടുത്ത തീരുമാനങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിനായി 1979 ഫെബ്രുവരി സുന്നഹദോസ് നിശ്ചയിച്ച കമ്മറ്റിയുടെ തീരുമാനങ്ങൾ 1980 ജനുവരി 29- ാം തീയതി കൂടി Inter-Church Relations കമ്മറ്റിയിൽ സമർപ്പിച്ച് ചർച്ചചെയ്ത ശേഷം രൂപപ്പെടുത്തിയ റിപ്പോർട്ട് കൺവീനർ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പ. സുന്നഹദോസിനു സമർപ്പിച്ചു.

**രേഖകൾ (Documents)**

1. ഇരുവിഭാഗക്കാരും തമ്മിൽ 1971, 73, 76, 78 എന്നീ ആണ്ടുകളിലായി നടത്തിയ നാല് അനൗദ്യോഗിക സംഭാഷണങ്ങൾ സംബന്ധിച്ചുള്ള രേഖകളും മിനിറ്റ്സും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള Vienna Review for Religion and Culture. “WORT and WARHEIT” Publication.

2. 1978 സെപ്റ്റംബർ 28 ാം തീയതി Franciscus Cardinal Konig. Roman Catholic Archbishop of Vienna കാതോലിക്കാ ബാവയ്ക്ക് അയച്ചുകൊടുത്തിട്ടുള്ള Official Communique and Confidential Memorandum.

**കമ്മറ്റിയുടെ ശുപാർശകൾ**

1) A joint declaration between the Pope and the Catholiicos of the Malankara Orthodox Syrian Church be signed as· proposed by the Cardinal and that such a decision by the Synod be communicated to the Pope and to Cardinal Konig.

2) To set up a joint commission as proposed by the Cardinal of all the Oriental Orthodox Churches and the Roman Catholic Church composed of Bishops, Theologians, and· Canonists to foliow up the work already done, and to convene joint assemblies of both Churches locally, ie. one world-wide' joint commission and one local Orthodox-Roman Catholic Commissicn.

3) Regarding the third proposal of Cardinal Konig about Anathemata now proposed by the two Churches on Leo, Flavian, Severus, Diascoros and Philoxenos, the recommendation of the committee was that there be no formal action on the matter of Anathemata, but that all Churches should drop all Anathemata, on the aforesaid five persons, though the Churches would be free to condemn any teaching that they regard as unorthodox, without mentioning any of the five names.

4) Committee സമർപ്പിച്ച റിപ്പോർട്ടിലെ Anathemata സംബന്ധിച്ചുള്ള ശുപാർശകൾ പ. സുന്നഹദോസ് അംഗീകരിച്ചുകൊ് താഴെപ്പറയുന്ന പ്രകാരം തീരുമാനം ചെയ്തു

Resolved that the Holy Synod accepts in principle the possibility of a joint decision by all the Churches

concerned that Anathemata now pronounced by them against one or more of the Roman Catholic, Byzentine Orthodox or Oriental Orthoodox be dropped retaining however the freedom of the Churches to condemn any teaching which they regard as heretical, withhout mentioning any particular Father or Fathers, of one or more Churches like Leo, Flavian, Severus, Diascoros, Philoxcnos etc.

5) ഓറിയന്റൽ ഓർത്തഡോക്സ് സഭകളും റോമൻ കത്തോലിക്കാ സഭയും തമ്മിൽ ഒരു സംയുക്ത കമ്മീഷൻ ഉണ്ടാക്കണമെന്നുള്ള കർദ്ദിനാൾ Konig ന്റെ നിർദ്ദേശത്തെ സ്വീകരിച്ചുകൊണ്ട് പ്രസ്തുത കമ്മീഷനിലേക്ക് താഴെപ്പറയുന്ന മൂന്നു പേരെ പ. സുന്നഹദോസ് നിയമിച്ചു.

1. പൗലൂസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത
2. റവ. ഡോക്ടർ വി.സി.ശമുവേൽ
3. റവ. ഡോക്ടർ കെ.എം. ജോർജ്ജ്

വിയന്നായിൽ വച്ചു നടന്ന അനൗദ്യോഗിക സംഭാഷണങ്ങളുടെ റിപ്പോർട്ടുകളെ ആസ്പദമാക്കി വേണ്ടുന്ന പഠനം നടത്തി ശുപാർശകൾ ചെയ്യുന്നതിനു ഭാരതത്തിലെ (റോമൻ) കത്തോലിക്കാ ബിഷോപ്സ് കോൺഫറൻസിന്റെ പ്രതിനിധികളും മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധികളും അടങ്ങുന്നഒരു ഇന്ത്യൻ സംയുക്ത കമ്മീഷനെ നിയമിക്കണമെന്നുള്ള കമ്മറ്റിയുടെ ശുപാർശ പ. സുന്നഹദോസ് അംഗീകരിക്കുകയും അക്കാര്യത്തെക്കുറിച്ചു (റോമൻ) കത്തോലിക്കാ ബിഷോപ്സ് കോൺഫറൻസുമായി എഴുത്തുകുത്തുകൾ നടത്തുന്നതിന് Inter-Church Relations Committee സെക്രട്ടറി പൗലൂസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയെ ചുമതലപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഇന്ത്യൻ സംയുക്ത കമ്മീഷനിലേക്ക് മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും താഴെ പറയുന്നവരെ ഒരു പാനലായി പ. സുന്നഹദോസ് നിശ്ചയിച്ചു.

1. H. G. Daniel Mar Philoxenos, Metropolitan,
2. H. G. Mathews Mar Coorilos, Metropolitan,
3. H. G. Philipos Mar Theophilos, Metropolitan,
4. H. G. Geevarghis Mar Osthatheos, Metropolitan,
5. H. G. Paulose Mar Gregorios, Metropolitan,
6. H. G. Joseph Mar Pachomios, Metropolitan,
7. H. G. Geevarghis Mar Diascoros. Episcopa,
8. Rev. Fr. V. C. Samuel,
9. Rev. Fr. T. J. Joshua,
10. Rev. Fr. K. J. Jonah,
11. Rev. Fr. Joseph Vendarapally,
12. Rev. Fr. Mathai Nooranal,
13. Rev. Dr. K. M. George.

ഇവരിൽ നിന്നും അപ്പഴപ്പോൾ മീറ്റിങ്ങുകൾക്ക് ആവശ്യമുള്ളത്ര പ്രതിനിധികളെ അയക്കുന്നതിന് കൺവീനറായ പൗലൂസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയെ ചുമതലപ്പെടുത്തി.

കമ്മറ്റിയുടെ റിപ്പോർട്ടിലെ മേല്പറഞ്ഞ വിയന്ന സംഭാഷണങ്ങൾ സംബന്ധിച്ച വിഷയങ്ങളൊഴിച്ചുള്ള മറ്റു വിഷയങ്ങൾ സംബന്ധിച്ച് പ. സുന്നഹദോസിന്റെ നിശ്ചയങ്ങൾ താഴെ ചേർക്കുന്നു.

1. The Committee recommended to invite the fol1owing Church dignitaries from other Churches in accordance with their conveniences and opportunities for their reception here.

1. His Holiness Patriarch Shenoode, Pope and Patriarch· of the Coptic Church of Egypt .
2. His Beatitude Patriarch Ignatius Hazim, Greek. (Melkite) Patriarch of Antioch.
3. His Excellency Archbishop Romon Torella, Vice President of the Secretariat for Unity.
4. His Holiness Patriarch Justin of the Romanian Orthoodox Church.
5. His Grace Dr. Robert Runcia, Archbishop of' Canterbury (elect) of the Church of England.

2. Regarding the formal opening of dialogue between the Byzentine Orthodox family of Churches and the Oriental Orthodox family of Churches, proposed by His Holiness Patriarch Dimitrios of Constantinople in his letter he had written to the Catholicos in Protocol No. 589, dated September 26th, 1979, it was recommended to the Holy Episcopal Synod:

a) that the proposal should be welcomed.
b) that in addition to the three topics proposed (i.e.Christology of John Damasceno, Christology of St. Sevcrus, and Christology of the Councils) three other practical topics should also be included in the first round viz, (i) acceptance or non-acceptance of the Council of Chalcedon and subsequent Councils; (ii) the question of mutual anathemata; (iii) the question of jurisdiction, primacy and seniority in Protocol after Communion is restored between the two families.
c) that the number of members on tho joint commissions from both sides be equal and to this end the number and names on the `

Byzentine side should be communicated to us on the Oriental Orthodox side, so that we can nominate between our five Churches an equal number,

d) that the following three persons be appointed to the joint commission from our Church,

1. His Grace Paulose Mar Gregorios,

2. The Rev. Fr. Dr. V. C. Samuel.

3. The Rev. Dr. K. M. George,

e) that His Grace Paulose Mar Gregorios would represent our Church on any preparotory or executive committee,

f) that our Synod decisions on the matter be communicated to all the Heads of Churches on both sides.

3. With regard to the dialogue with the Lutherans hitherto made, a report has to be submitted to the Holy Synod for approval.

4. The possibility of starting similar dialogues with the Church of S. India and the Church of North India should be explored by Mar Gregorios.

5. The question of starting a local (Indian), dialogue with the Roman Catholic Churches based on the Vienna conversations should ,also be explored by him.

6. The matter of taking membership in CASA and N.C. C. and the Constitutional change. which would be necessary for the same have to be pursued by Mar Gregorios.

7. As for the Kerala Christian Bishops Conference and our own participation in their common meetings, Mar Gregorios was asked to pursue the possibility of ensuring a proper constitution and periodic election of office bearers.

കമ്മറ്റിയുടെ മേൽപ്പറഞ്ഞ തീരുമാനങ്ങൾ പ. സുന്നഹദോസ് അംഗീകരിച്ചു റിക്കാർഡാക്കി.

**7.1 അവികസിത മെത്രാസനങ്ങളുടെയും പള്ളികളുടെയും സാമ്പത്തിക പരാധീനത**

**7.2. The Christian Common responsibility for the building up and expansion of the Church.**

പ്രസ്തുത രണ്ടുവിഷയങ്ങളും ഉൾക്കൊള്ളിച്ച് ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തയ്യാറാക്കി പ. സുന്നഹദോസിൽ സമർപ്പിച്ച ചർച്ചാസംഗ്രഹം (Synopsis for discussion) ആധാരമാക്കിക്കൊണ്ട് പ. സുന്നഹദോസ് ചർച്ച ചെയ്തു. അതിലെ

1. The Church is the body of Christ, the people of God, united by the bond of Christian love.

2. Rebirth into the Church makes the Church a family in which all believers of the Church are sons and daughters of the Church and therefore brothers and sisters of each other.

3. The Church being a family, each member should live and work for the whole family.

4. Independent parishes and exclusive right on the income of the parishes and of individuals have no theological justification.

5. Christian stewardship.

*1) സഭ ക്രിസ്തുവിന്റെ ശരീരവും ക്രിസ്തീയസ്നേഹത്താൽ അന്യോന്യം ഐക്യപ്പെട്ടിരിക്കുന്ന ജനസമൂഹവുമാകുന്നു.*

*2) സഭയിലേക്കുള്ള വിശ്വാസികളുടെ വീണ്ടും ജനനം (മാമോദീസാ മൂലം) സഭയെ ഒരു കൂട്ടുകുടുംബമാക്കി തീർക്കുകയും അങ്ങനെ സഭയിലെ എല്ലാ വിശ്വാസികളും സഭയുടെ പുത്രന്മാരും പുത്രികളും തന്മൂലം അന്യോന്യം സഹോദരന്മാരും സഹോദരികളുമായിത്തീരുകയും ചെയ്യുന്നു.*

*3) സഭ ഒരു കുടുംബമാകയാൽ ഓരോ അംഗവും കുടുംബം മുഴുവനും വേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം.*

*4) സ്വതന്ത്ര ഇടവകാവാദവും ഇടവകകളുടെയും വ്യക്തികളുടെയും വരുമാനങ്ങളുടെമേൽ മറ്റുള്ളവരെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള നിഷേധാത്മകമായ കുത്തകാവകാശവും വേദശാസ്ത്രപരമായി നീതീകരിക്കാവുന്നതല്ല.*

*5) ക്രിസ്ത്യൻ കാര്യവിചാരകത്വം.*

എന്നിങ്ങനെയുള്ള ആശയങ്ങൾ സഭാംഗങ്ങളെ പഠിപ്പിച്ച് സഭയിൽ ആകമാനം ഒരു ആദ്ധ്യാത്മിക നവോത്ഥാനമുണ്ടാക്കി സഭാംഗങ്ങൾക്കു നവജീവൻ ഉളവാക്കുന്നതിനു ഒരു Spiritual New life Movement(ആത്മീയ നവജീവപ്രസ്ഥാനം) ഉണ്ടാക്കി കർമ്മപരിപാടികൾ ആവിഷ്കരിച്ച് എത്രയും വേഗം നടപ്പിലാക്കുന്നതിനു പ. കാതോലിക്കാബാവാ അദ്ധ്യക്ഷനും, ഗീവർഗീസ് മാർ ഓസ്താത്തിയോസ് മെത്രാപ്പോലീത്ത കൺവീനറും മാത്യൂസ് മാർ കൂറിലോസ്, ജോസഫ് മാർ പക്കോമിയോസ്, മാത്യൂസ് മാർ ബർന്നബാസ്, ഗീവർഗീസ് മാർ ദീയസ്ക്കോറോസ് എന്നീ മേൽപട്ടക്കാർ അംഗങ്ങളുമായുള്ള ഒരു ആത്മീയ നവോത്ഥാന കമ്മറ്റിയെ പ. സുന്നഹദോസ് നിശ്ചയിച്ചു.

**പ്രായോഗിക നിർദ്ദേശങ്ങൾ**

1 ക്രിസ്തീയ കാര്യവിചാരകത്വം, സണ്ടേസ്കൂൾ മുതലായ എല്ലാ ആത്മീയ സംഘടനകളിലും പഠനവിഷയമാക്കുകയും പള്ളി പ്രസംഗങ്ങളിലും പ്രസംഗയോഗങ്ങളിലും അതേപ്പറ്റി പറയുകയും ചെയ്യണം.

2 പ്രയാസപ്പെടുന്ന നിർദ്ധനരായ ഇടവകകളെ സ്വന്ത ഇടവകയിൽ നിന്നും സഹായിക്കത്തക്കവണ്ണം ഇടവകാംഗങ്ങൾ അവരുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് അവരവരുടെ ഇടവകകളിൽ കൂടുതൽ മാസവരി കൊടുക്കണം.

3 ധനസമൃദ്ധിയുള്ള ഇടവകപള്ളികൾ നിർദ്ധനരായ ഇടവകപള്ളികളുടെ കാര്യം ഏറ്റെടുക്കണം.

4 വളർന്നുവരുന്ന മെത്രാസനങ്ങളുടെ സാമ്പത്തികഭാരം ലഘുപ്പെടുത്തുന്നതിനു വളർന്നുകഴിഞ്ഞിട്ടുള്ള മെത്രാസനങ്ങളും സഭാകേന്ദ്രവും സഹായിക്കണം.

5 പ്രയാസപ്പെടുന്നവരെ സഹായിക്കത്തക്കവണ്ണം പത്തിലൊന്നു (ദശാംശം) നീക്കിവയ്ക്കുന്നതിനു സഭാംഗങ്ങളെ നിർബന്ധിതമായി ഉദ്ബോധിപ്പിക്കണം.

## X

### 1980 ജൂലൈ സുന്നഹദോസ്

**1. ശിശുക്ഷേമബോർഡ്**

സഭയിലെ ശിശുക്ഷേമപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് ഗീവർഗീസ് മാർ ഓസ്താത്തിയോസ് മെത്രാപ്പോലീത്ത പ്രസിഡന്റും സ്തേഫാനോസ് മാർ തേവോദോസിയോസ്, ഗീവർഗീസ് മാർ ദീയസ്ക്കോറോസ്, മാത്യൂസ് മാർ ബർന്നബാസ് എന്നീ മേല്പട്ടക്കാർ വൈസ് പ്രസിഡന്റുമാരുമായി ഒരു ശിശുക്ഷേമ ബോർഡിനെ പ. സുന്നഹദോസ് നിശ്ചയിച്ചു.

**2. മദ്രാസ് സി.എൽ.എസ്. അസോസ്സിയേഷൻ**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ പ്രതിനിധീകരിച്ച് മദ്രാസ് സി.എൽ.എസ് അസോസ്സിയേഷനിലേക്ക് ഒരാളെ നോമിനേറ്റു ചെയ്യണമെന്നുള്ള സി.എൽ.എസ്. അസോസ്സിയേഷൻ ജനറൽ സെക്രട്ടറിയുടെ അപേക്ഷ അനുസരിച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയായി ഫാദർ റ്റി.ജി. സക്കറിയാ (Catholicate Office) യെ നിയമിക്കണമെന്ന് പ. സുന്നഹദോസ് നിശ്ചയിച്ചു.

*(തുടരും..)*

# ശതാവരി



കേരളത്തിൽ ധാരളമായി കാണപ്പെടുന്ന ഒരു വള്ളിച്ചെടിയാണിത്. വളരെ കനം കുറഞ്ഞതും നീളമേറിയ ഇലകളോടുകൂടിയതുമായ ഈ ചെടി, വൃക്ഷങ്ങളിലും വേലികളിലും പടർന്നു കിടക്കുന്നു. വള്ളിയിൽ ധാരാളം മുള്ളുകളുണ്ട്. ഇതിന്റെ കിഴങ്ങ് വെളുത്തു കട്ടിയുള്ളതും ധാരാളം അന്നജം അടങ്ങിയിരിക്കുന്നതുമാണ്. വിലമതിക്കപ്പെടാത്ത ഔഷധവീര്യമുള്ള ഒരു വസ്തുവാണിത്. ആംഗലേയ ചികിത്സാസമ്പ്രദായത്തിൽ "അത്ഭുത മൂലിക" എന്നറിയപ്പെടുന്നതും ഇത്രനാളും പ്രതിവിധി അറിയപ്പെടാതിരുന്ന വാതം, സന്ധിവീക്കം മുതലായ രോഗങ്ങൾക്ക് അനുപേക്ഷണീയവുമായ കോർട്ടിസിൻ (Corticine) എന്ന മരുന്നിനോട് ഉപമിക്കാവുന്ന ഔഷധാംശങ്ങൾ ഇതിന്റെ കിഴങ്ങിൽ അടങ്ങിയിരിക്കുന്നു. വേദനയുള്ള ഭാഗങ്ങളിൽ ഇതിന്റെ കിഴങ്ങ് അരച്ചുപുരട്ടിയാൽ വളറെ ചുരുക്കം നാളുകളിൽത്തന്നെ സുഖം പ്രാപിക്കുന്നതാണ്. വീക്കത്തിനും വളരെയധികം ശമനമുണ്ടാകും. മൂത്രാശയസംബന്ധമായ രോഗങ്ങൾക്ക് ഇതിന്റെ കിഴങ്ങിട്ടു കാച്ചിയ എണ്ണ ഉപയോഗിക്കാവുന്നതാണ്. പച്ചക്കിഴങ്ങു ദഹനത്തെ സഹായിക്കും. കറവപ്പശുക്കളിൽ കാണുന്ന മുലവീക്കത്തിന് ഇതിന്റെ ഇലയും കിഴങ്ങുംകൂടി അരച്ചു പുരട്ടിയാൽ ശമനം ഉണ്ടാകും. ശാരീരിക പ്രവർത്തനതത്ത്വങ്ങൾക്ക് എതിരാണോയെന്നു തോന്നുമാറ് ഇതിന്റെ കിഴങ്ങ് കറവപ്പശുക്കളിൽ ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നവത്രെ.

*-ഫാർമക്കോളജി ഡിപ്പാർട്ട്മെന്റ്, വെറ്ററിനറി കോളേജ്*

❐

# വി. മാമോദീസാ സുറിയാനി പാരമ്പര്യത്തിൽ-3

റവ. ഡോ. ബി. വറുഗീസ്

## 8. സാത്താനെ ഉപേക്ഷിക്കുന്നത്

ബഹിഷ്ക്കരണത്തിൽ പുരോഹിതനാണ് സ്നാനാർഥിയുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നത്. അടുത്തപടിയായി സ്നാനാർഥി തന്നെ സാത്താനെ ഉപേക്ഷിക്കുന്നതായി പ്രഖ്യാപിക്കുന്നു. സഭാപിതാക്കന്മാരുടെ ചിന്തയിൽ കിഴക്കു പ്രകാശത്തിന്റെയും പടിഞ്ഞാറ് അന്ധകാരത്തിന്റെയും പ്രതീകങ്ങളാണ്. അന്ധകാരത്തിന്റെ ഇരിപ്പിടമായ പടിഞ്ഞാറ് സാത്താന്റെ വാസസ്ഥലവുമാണ്. ഇക്കാരണത്താലാണ് പടിഞ്ഞാറു തിരിഞ്ഞുനിന്നുകൊണ്ട് സാത്താനെ ഉപേക്ഷിക്കുന്നതെന്നു യെറുശലേമിലെ വി. കൂറിലോസ് മൂശെ ബർ കീഫായും പറയുന്നു. കുഞ്ഞുങ്ങളുടെ മാമോദീസായിൽ തല തൊടുന്നയാൾ ഇടതുകൈകൊണ്ടു കുഞ്ഞിന്റെ ഇടതുകൈയിൽ പിടിച്ചുകൊണ്ടാണ് ഉപേക്ഷണവാചകം ചൊല്ലുന്നത്. ഇടതുവശം തിന്മയുടെ പ്രതീകമായി സെമിറ്റിക് ചിന്തയിൽ കണക്കാക്കുന്നു. കൈകൾ പ്രവർത്തനങ്ങളുടെ പ്രതീകവുമാണ്. തിന്മയുടെ പ്രവൃത്തികളെ ഉപേക്ഷിക്കുന്നു എന്ന അർത്ഥത്തിലാണ് ഇടതുകൈ ഉയർത്തുന്നത്. മുതിർന്നവരുടെ സ്നാനത്തിൽ സ്നാനാർഥി തന്നെ കൈ ഉയർത്തി ഉപേക്ഷണവാചകം ചൊല്ലണമെന്നാണ് പാരമ്പര്യം അനുശാസിക്കുന്നത്.

## 9. ക്രിസ്തുവിനെ സ്വീകരിക്കുന്നു.

സാത്താനെ ഉപേക്ഷിച്ചതിനുശേഷം സ്നാനാർഥി കിഴക്കോട്ടു തിരിഞ്ഞുനിന്നു ക്രിസ്തുവിനോടുള്ള വിധേയത്വം പ്രഖ്യാപിക്കുന്നു. "മാമോദീസാ മുങ്ങുന്ന....... ഞാൻ മശിഹാതമ്പുരാനേ നിന്നിലും പരിശുദ്ധന്മാരായ ദീർഘദർശിമാരും ശ്ലീഹന്മാരും പിതാക്കന്മാരും മുഖാന്തിരം ദൈവികമായി നിന്നാൽ ഭരമേൽക്കപ്പെട്ടിട്ടുള്ള സകല ഉപദേശങ്ങളിലും ചേർന്നു വിശ്വസിക്കുന്നു". കിഴക്കോട്ടു തിരിഞ്ഞുനിൽക്കുന്നതിന്റെ കാരണം മൂശെ ബർ കീഫാ വിശദീകരിക്കുന്നു.

കിഴക്കു പ്രകാശത്തിന്റെ സ്ഥലമാണ്. കിഴക്കോട്ടു തിരിഞ്ഞുനിന്നു ക്രിസ്തുവിനെ ഏറ്റുപറയുന്നതിന്റെ അർത്ഥം അയാൾ ക്രിസ്തു പ്രകാശമാകുന്നു എന്നു ഏറ്റുപറയുന്നുവെന്നാണ്. കാരണം ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. (യോഹ 8 : 12)എന്നു താൻ അരുളിച്ചെയ്തു. പ്രവാചകൻ പറയുന്നതുപോല അവൻ നീതിസൂര്യനാണ് (മലാഖി 4 : 2). പിതൃപുത്ര പരിശുദ്ധാത്മാവായ ഏക സത്യവും പ്രകാശദാതാവുമായ ദൈവത്തെ ഏറ്റുപറയുകയും താൻ ഭരമേൽപിച്ചതായ സത്യവും പ്രകാശദായകവുമായ വിശ്വാസത്തെ സ്വീകരിക്കുകയും പ്രകാശത്തിന്റെയും നീതിയുടെയും പ്രവൃത്തികൾ ചെയ്യാമെന്നു സമ്മതിക്കുകയും ചെയ്യുകയാണ് സ്നാനാർഥി ചെയ്യുന്നത്.

ഏറ്റുപറയുന്ന കാര്യങ്ങൾ പൂർണ സമ്മതത്തോടെയാണ് പറയുന്നതെന്നും വാഗ്ദാനം ചെയ്യുന്ന കാര്യങ്ങൾ ചെയ്യുമെന്നുമുള്ള അർത്ഥത്തിലാണ് വലതുകൈ ഉയർത്തിപ്പിടിക്കുന്നതെന്നും ബർകീഫാ കൂട്ടിച്ചേർക്കുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ പ്രായപൂർത്തിയായവരുടെ മാമോദീസായിൽ സ്നാനാർഥി കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട് വലതുകൈ ഉയർത്തി ക്രിസ്തുവിനെ ഏറ്റുപറയണമെന്നാണ് പാരമ്പര്യം നിഷ്കർഷിക്കുന്നത്.

## 10. വിശ്വാസപ്രമാണം

വിശ്വാസപ്രമാണം സഭാവിശ്വാസത്തിന്റെ രത്നച്ചുരുക്കമാണ്. സ്നാനാർഥി സഭാവിശ്വാസത്തോടുള്ള വിധേയം പ്രകടിപ്പിക്കുകയാണ് വിശ്വാസപ്രമാണം ചൊല്ലുന്നതിലൂടെ ചെയ്യുന്നത്. മുതിർന്നവരുടെ മാമോദീസായിൽ സ്നാനാർഥി ഉച്ചത്തിൽ വിശ്വാസപ്രമാണം ചൊല്ലേണ്ടതാണ്. വിശ്വാസം ഏറ്റുപറയുന്നത് ആദിമകാലം മുതൽ മാമോദീസായുടെ അവിഭാജ്യഘടകമായിരുന്നു. സ്നാനാർഥികളുടെ പരിശീലനകാലത്തു വിശ്വാ

സപ്രമാണത്തിന്റെ വിശദമായ പഠനത്തിനു പ്രത്യേകമായ പ്രാധാന്യമുണ്ടായിരുന്നു. യെറുശലേമിലെ കൂറിലോസിന്റെയും മൊപ്സുവെസ്ത്യായിലെ തിയൊദോറിന്റെയും മാമോദീസായെപ്പറ്റിയുള്ള പ്രസംഗങ്ങളിൽ വിശ്വാസപ്രമാണത്തിന്റെ വിശദമായ വ്യാഖ്യാനത്തിനു പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. സ്നാനത്തിന്റെ സമയത്തു വിശ്വാസത്തെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്കു മറുപടി നൽകുവാൻ സ്നാനാർഥി ബാദ്ധ്യസ്ഥനായിരുന്നു.

**11. നെറ്റിയിലുള്ള അഭിഷേകം**

സേവേറിയോസിന്റെ ക്രമമനുസരിച്ചു വിശ്വാസപ്രമാണത്തോടെ മാമോദീസായുടെ ഒന്നാം ഭാഗം അവസാനിക്കുന്നു. രണ്ടാം ഭാഗത്തിലെ ആദ്യത്തെ ചടങ്ങാണ് ഒലിവെണ്ണ (സൈത്ത്) കൊണ്ടു നെറ്റിയിൽ കുരിശാകൃതിയിൽ അഭിഷേകം നടത്തുന്നത്. അഭിഷേകത്തിനുമുമ്പുള്ള പ്രാർത്ഥനയിൽ ഇതിന്റെ അർത്ഥത്തെപ്പറ്റി പരാമർശിക്കുന്നു.

"തന്റെ വിശുദ്ധാത്മാവിനെ അയച്ചു ഇവനെ ശൂന്യതയിൽ നിന്നു സൃഷ്ടിക്കുകയും മനുഷ്യസ്നേഹത്തോടെ വിശുദ്ധ മാമോദീസായ്ക്കു അർഹനാക്കിത്തീർക്കുകയും ചെയ്ത കർത്താവേ വിശുദ്ധ ശ്ലീഹന്മാരുടെ അടിസ്ഥാനത്തിന്മേൽ ഇവനെ ഉറപ്പിക്കണമെ. വിശുദ്ധ സഭയിൽ ഒരു സത്യനടുതലയായി ഇവനെ സ്ഥാപിക്കണമെ. കൂദാശാപരമായ അഭിഷേകത്തിന് അർഹനാകത്തക്കവണ്ണം നിന്റെ വിശുദ്ധാത്മാവിനെ ഇവനിൽ അയയ്ക്കണമെ. നിന്റെ ദൈവികദാനങ്ങളാൽ ഇവനെ നിറയ്ക്കണമെ. പാപത്തിന്റെ അടിമത്തത്തിൽ നിന്നും സ്വതന്ത്രനാകുവാൻ വേണ്ടി ഈ നിന്റെ ആരാധകന്റെ ഹൃദയത്തിൽ നിന്റെ പ്രകാശം ഉദിപ്പിക്കണമെ". തുടർന്നു നെറ്റിയിൽ അഭിഷേകം നൽകുന്നു. തൽസമയത്തുള്ള പ്രാർത്ഥന ഇപ്രകാരമാണ്. "വീണ്ടും ജനനത്താൽ പുത്രസ്വീകാര്യത്തിന് അർഹനായിത്തീരുവാൻ വേണ്ടി സന്തോഷതൈലത്താൽ....... പിതാവിന്റെയും പുത്രന്റെയും ജീവനുള്ളവനും പരിശുദ്ധനുമായ റൂഹായുടെയും നാമത്തിൽ നിത്യജീവനായി മുദ്രകുത്തപ്പെടുന്നു".

ബഹിഷ്കരണത്തിന്റെ (Exorcism) ദാഹമാണ് ഈ അഭിഷേകമെന്നുമുള്ള ഒരു തെറ്റായ ധാരണ പൊതുവെ ഉണ്ട്. റോമൻ സഭയുടെ ആരാധനയുടെ പുരാതന രേഖയായ ഹിപ്പോലിറ്റസിന്റെ അപ്പോസ്തലിക പാരമ്പര്യത്തിൽ (Apostolic tradition) ഈ സ്ഥാനത്തുള്ള അഭിഷേകം നൽകുന്നത് Oil of exorcism കൊണ്ടാണ്. എന്നാൽ സുറിയാനി പാരമ്പര്യത്തിൽ സൈത്തിന് ഒരിക്കലും ഈ പേര് ഉപയോഗിച്ചു കാണുന്നില്ല. സന്തോഷതൈലം (Oil of gladness സങ്കീ. 45 : 7) എന്നാണ് പ്രാർത്ഥനയിൽ സൈത്തിന് ഉപയോഗിച്ചിരിക്കുന്ന പേര്. സുറിയാനി പാരമ്പര്യത്തിൽ മൂറോൻ അഭിഷേകത്തിനു നൽകുന്നതിനു സമാനമായ അർഥമാണ് ഈ അഭിഷേകത്തിനും നൽകിക്കാണുന്നത്.

മൂശെ ബർകീഫാ ഈ അഭിഷേകത്തെപ്പറ്റി എഴുതുന്നു. "താഴെപ്പറയുന്ന കാരണങ്ങളാണ് സ്നാനാർഥിയെ തൈലം കൊണ്ട് അഭിഷേകം ചെയ്യുന്നത്. ഒന്നാമത്, അയാൾ സാത്താനുമായി മത്സരത്തിനും ദ്വന്ദയുദ്ധത്തിനുമായി പ്രവേശിക്കുന്നു. എതിരാളിയുടെ കൈകൾ വഴുതിപ്പോകുന്നതിനും ദ്വന്ദയുദ്ധത്തിലേർപ്പെടുന്നവർ ദേഹത്തു തൈലം പുരട്ടുന്നു. അതേ രീതിയിൽ സാത്താന്റെ ഗണങ്ങൾക്ക് അയാൾ അജയ്യനായി ത്തീരുന്നു".

കാട്ടൊലിവായിരുന്ന സ്നാനാർഥിയെ സത്യ ഒലിവായ ക്രിസ്തുവിൽ ഒട്ടിച്ചുചേർക്കുന്നതിന്റെ പ്രതീകം കൂടിയാണ് ഈ അഭിഷേകമെന്നു ബർകീഫാ കൂട്ടിച്ചേർക്കുന്നു.

സാത്താനെ ഉപേക്ഷിച്ചു ക്രിസ്തുവിനോട് ചേർന്നുകൊണ്ടു സാത്താൻ കോപപരവശനായി മനുഷ്യനെ ആക്രമിക്കുവാൻ ഒരുങ്ങിയിരിക്കുന്നതിനാൽ കുരിശടയാളം സ്നാനാർഥിയുടെ രക്ഷക്കായിട്ടാണ് നെറ്റിയിൽ വരയ്ക്കുന്നതെന്നു സെന്റ് ജോൺ ക്രിസ്റ്റോസ്റ്റം പറയുന്നു. നെറ്റിയിലെ അടയാളം മൂലം സാത്താൻ വിശ്വാസികളെ നോക്കുവാൻ ഭയപ്പെടുന്നു. അഭിഷേകത്തിലൂടെ നെറ്റിയിൽ പതിച്ചിരിക്കുന്ന കുരിശിന്റെ പ്രകാശത്തിൽ സാത്താന്റെ കണ്ണഞ്ചി പിന്തിരിയുന്നുവെന്നാണ് ക്രിസ്റ്റോസ്റ്റം എഴുതുന്നത്.

ഈജിപ്തിൽ വച്ച് ഇസ്രായേൽ ജനതയുടെ ഭവനങ്ങളിൽ നിന്നും സംഹാരദൂതൻ കടന്നുപോയത് വാതിൽപ്പടിയിലുള്ള അടയാളം കണ്ടാണ്. അതേ രീതിയിൽ നെറ്റിയിലുള്ള അഭിഷേകമുദ്ര കാണുന്ന സാത്താൻ വിശ്വാസികളെ കടന്നുപോകുന്നുവെന്നാണ് അറബികളുടെ മെത്രാനായ ഗീവർഗീസിന്റെ അഭിപ്രായം.

*(തുടരും....)*

❐

# കാർമ്മികരോടും ശുശ്രൂഷകരോടും ഒരു അന്മേനിയുടെ സംശയങ്ങൾ

പി. തോമസ്, പിറവം

**യാമപ്രാർത്ഥനകളുടെയും ശുശ്രൂഷകളുടെയും തുടക്കം**

യാമനമസ്കാരങ്ങളുടെ തുടക്കത്തിൽ "പിതാവും പുത്രനും" എന്നു തുടങ്ങുന്ന കൗമായുടെ പ്രാരംഭഭാഗം ചൊല്ലേണ്ടതാണല്ലോ. യാമപ്രാർത്ഥനകൾ ഒന്നിനോടൊന്ന് തുടർച്ചയല്ലാതെ ചൊല്ലുമ്പോൾ അതതു യാമം തുടങ്ങേണ്ടത് പ്രാരംഭത്തോടെയാണെന്ന് മൽപ്പാന്മാർ പഠിപ്പിക്കുന്നു. ആ ന്യായംവച്ച് കൂദാശകളും ശവസംസ്കാരശുശ്രൂഷയും മറ്റും ആരംഭിക്കുമ്പോൾ പ്രാരംഭം മുതൽ ചൊല്ലേണ്ടതല്ലേ? ക്രമങ്ങളിൽ ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന് ചേർത്തിരിക്കുന്നത് കാർമ്മികരെ വഴിതെറ്റിക്കുന്നില്ലേ?

**കൗമാകളുടെ പ്രാരംഭവാക്യം**

കൗമാകളുടെ പ്രാരംഭവാക്യം പല നമസ്കാരക്രമങ്ങളിലും പല രീതിയിൽ ഉണ്ട്. "പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ തനിക്കു സ്തുതി. നമ്മുടെ മേൽ തന്റെ കരുണയും മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ". "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നെന്നേക്കും തന്നെ ആമ്മീൻ". എന്നിങ്ങനെയൊക്കെ? അന്മേനികൾ പ്രാർത്ഥന തുടങ്ങുമ്പോൾ ആദ്യരീതിയാണ് വേണ്ടത് എന്ന് പൂർവ്വികർ പറഞ്ഞിരുന്നു. ഇതിന്റെ യഥാർത്ഥകാര്യം എന്താണ്?

**തമ്പുരാന്റെ അമ്മേ**

നമസ്കാരക്രമങ്ങളിൽ ഒന്നിലും തന്നെ കാണുന്നില്ലെങ്കിലും ഈ പ്രാർത്ഥനയിൽ തമ്പുരാന്റെ അമ്മേ എന്ന് ചേർത്തു ചൊല്ലുന്നു. "ദൈവമാതാവായ..... മറിയമേ" എന്നത് ചേർത്തിരിക്കെ, വീണ്ടും, തമ്പുരാന്റെ അമ്മേ എന്നു ചേർക്കുന്നത് അനാവശ്യമായ ഇരട്ടിപ്പല്ലേ നമസ്കാരക്രമങ്ങളിലൊന്നും ഇല്ലാത്തത് കൂട്ടിച്ചേർത്ത് ചൊല്ലേണ്ടതുണ്ടോ?

**അനാഫോറായിൽ കുരിശുവരയ്ക്കുന്നത്.**

വിശുദ്ധ കുർബ്ബാനയിൽ വിശ്വാസപ്രമാണം ചൊല്ലുമ്പോഴുള്ള കുരിശുവര കഴിഞ്ഞാൽ, രഹസ്യങ്ങൾ ഉയർത്തി ആഘോഷിക്കുമ്പോഴുള്ള ത്രിത്വസ്തുതിയുടെ നേരം വരെ (ശുബഹോ..... ഒന്നായിരിക്കുന്ന) സാധാരണഗതിയിൽ കുരിശുവരയ്ക്കേണ്ട സന്ദർഭങ്ങൾ ഉണ്ടായാലും, കാർമ്മികനൊഴികെ മറ്റാർക്കും (അനാഫോറായിൽ) കുരിശുവരയ്ക്കുവാൻ പാടില്ലെന്ന് കുർബ്ബാനവ്യാഖ്യാനങ്ങൾ എഴുതിയിട്ടുള്ള ബർസ്ലീബി, മിഖായേൽ റാബോ എന്നിവരും മറ്റും പറഞ്ഞപ്രകാരം മൽപ്പാൻമാർ പഠിപ്പിച്ചിരിക്കെ, റൂശ്മായുടെ നേരത്തും ധൂപാർപ്പണത്തിനും റൂശ്മായ്ക്കും മറ്റും, കുരിശുവരയ്ക്കുന്നതും, അങ്ങനെ വേണമെന്ന് പഠിപ്പിക്കുന്നതും പാടുണ്ടോ? അങ്ങനെ ചെയ്യണമെന്ന് നിഷ്കർഷയില്ലെന്ന് ബ. ഡോ. വി. സി. ശമുവേൽ അച്ചനെപ്പോലെയുള്ളവർ എഴുതിയിട്ടുണ്ട്.

**ഏവൻഗേലിമേശയുടെ സ്ഥാനം, ധൂപം വീശൽ**

മദ്ബഹായിൽ ഏവൻഗേലിമേശയുടെ സ്ഥാനം പല പള്ളികളിലും പല രീതിയിലാണ്. ചിലയിടങ്ങളിൽ തെക്കുവശത്തും മറ്റിടങ്ങളിൽ വടക്കുവശത്തും, വടക്കിന്റെ പ്രാധാന്യവും പ്രത്യേകതയും കൊണ്ട് അവിടെ വേണമെന്ന് ചിലർ പറയുന്നു. ധൂപം വീശുകയും മറ്റും ചെയ്യുന്നത് ആദ്യം വടക്കുവശത്താണല്ലോ. മുതിർന്ന സ്ഥാനികളുടെ നിൽപ്പും അവിടെയാണ്. (ഇക്കാലത്ത് ഈ മൂപ്പുമുറയൊന്നും ആരും ശ്രദ്ധിക്കുന്നില്ലെങ്കിലും) മദ്ബഹായിൽ പ്രവേശിക്കുമ്പോൾ ആദ്യം ഉച്ചരിച്ച വചനത്തിന്റെ സിംഹാസനം മുത്തുന്നതിനാണ് തെക്കുവശത്ത് ഇടുന്നതെന്ന് ന്യായം പറയുന്നവരുണ്ട്. പള്ളിയിൽ പ്രവേശിക്കുമ്പോൾ തന്നെ മുത്തുവാൻ പ്രാർത്ഥനമേശയിൽ അതുണ്ടല്ലോ, അതാണ് പൂർവ്വികസമ്പ്രദായം എന്ന് എതിർന്യായവുമുണ്ട്. മദ്ബഹായിലെ പ്രധാനസിംഹാസനമായ അവതരിച്ച വചനത്തിന്റെ ത്രോണോസിലാണ് ആദ്യം മുത്തേണ്ടത്. കൂടുതൽ പ്രാധാന്യമുള്ള സ്ഥാനത്താണ് മുത്തി ആദ്യം വണങ്ങേണ്ടതെന്ന വിശദീകരണവും ഉണ്ട്. ധൂപം വീശലിന്റെ രീതി പ്രാധാന്യമുറയ്ക്കാണല്ലോ. ത്രോണോസിനുശേഷം വടക്കുവശത്തെ ഏവൻഗേലിമേശ, മുതിർന്ന സ്ഥാനികൾ, ജനം, തെക്കുവശത്തെ സ്ഥാനികൾ എന്ന ക്രമത്തിലാണ് പൂർവ്വികർ

ചെയ്തു കണ്ടിട്ടുള്ളത്. ഈ വൃത്തത്തിൽ ധൂപ ക്കുറ്റിയുമായി അങ്ങോട്ടുമിങ്ങോട്ടും തിരിയേണ്ട തില്ല എന്നു പഠിപ്പിച്ച മൽപ്പാന്മാരുമുണ്ടായിരുന്നു. പുതിയ രീതികളുടെ സാംഗത്യം എന്താണ് പൊതുവെ കർമ്മങ്ങളിൽ ധൂപം വീശൽ എങ്ങനെ വേണമെന്ന് കൃത്യമായി പഠിപ്പിക്കേണ്ടതല്ലേ.?

**കാർമ്മികവചനങ്ങൾ ഉച്ചരിക്കുന്നത്**

അപ്പവും വീഞ്ഞും വാഴ്ത്തുമ്പോൾ "ബാറേക്..." ഇത്യാദി സുറിയാനിയിലുള്ള കാർമ്മി കവചനങ്ങൾ ഉച്ചരിക്കുന്നത് പല രീതിയിലാണ്. "വാഴ്ത്തി ശുദ്ധീകരിച്ചു" എന്നു ചൊല്ലിയശേ ഷവും, വാഴ്ത്തിയതിനു ശേഷവും, "സ്തോത്രം ചെയ്ത്" എന്ന് ചൊല്ലിയശേഷവും അത് ചൊല്ലി കേൾക്കുന്നുണ്ട്. വാഴ്ത്തി എന്നതിനുശേഷം കാർമ്മികവചനം ഉച്ചരിച്ചിട്ട് "ശുദ്ധീകരിച്ചു നുറു ക്കി...." എന്നുവേണം ചൊല്ലാൻ. ഭാഷാപരമായും അതിന് കൃത്യതയുണ്ട് എന്ന അഭിപ്രായം പ്രസ ക്തമാണോ? (തക്സായിൽ എന്ത് ഉണ്ടായാലും സ്വേഷ്ടം പോലെ മാറ്റി ചൊല്ലുന്നത് നമ്മുടെ സഭ യിൽ മാത്രമായിരിക്കും)

**പരിശുദ്ധാത്മാഹ്വാനം (എപ്പിക്ലേസിസ്)**

പരിശുദ്ധാത്മാഹ്വാനം (റൂഹാക്ഷണം, എ പ്പിക്ലേസിസ്) കൈ ആവസിപ്പിച്ചുകൊണ്ട് രഹസ്യ മായി പരിശുദ്ധറൂഹായെ അയയ്ക്കേണമെ എന്ന അപേക്ഷയാണ് ചൊല്ലുന്നത്. അതിന്റെ തുടർച്ച, എന്നോട് ഉത്തരമരുളേണമെ എന്ന ഉച്ചത്തിലുള്ള പട്ടക്കാരന്റെ അപേക്ഷയും, കരുണയുണ്ടാകേ ണമേ (കുറിയേലായിസ്സോൻ) എന്ന പ്രതിവാക്യ വുമാണ്. തുടർന്നും പരിശുദ്ധാത്മാവ് അപ്പ ത്തെയും വീഞ്ഞിനെയും മ്ശിഹായുടെ ശരീരവും രക്തവും ആക്കി പൂർത്തീകരിക്കുമാറാകണമെ എന്ന അപേക്ഷകളാണല്ലോ. എന്നാൽ അടുത്ത കാലത്ത് മ്ശിഹായുടെ ശരീരവും രക്തവും ആക്കി പൂർത്തീകരിക്കുന്നു എന്ന് പ്രസ്താവനാരൂപ ത്തിൽ ചൊല്ലുന്നതിന് ന്യായീകരണമെന്താണ്? (മാമോദീസായിലും ദനഹായുടെ വെള്ളം ശുദ്ധീ കരിക്കുന്നതിലും, ഓശാനയുടെ കുരുത്തോല വാഴ്ത്തുന്നതിലും പരിശുദ്ധാത്മാഹ്വാനം പ്രസ്താ വനയല്ല, അപേക്ഷയാണെന്നാണ് ഇക്കാര്യത്തിൽ പഠനം നടത്തിയിട്ടുള്ളവർ പറയുന്നത്. ഈ സഭ യുടെ കൂദാശകളിലും മറ്റും, പ്രത്യേകിച്ച് വിശുദ്ധ കുർബ്ബാനയിൽ പരിശുദ്ധാത്മാവാസം നടക്കുന്ന ത്ഒരു പ്രത്യേക പ്രാർത്ഥനയുടെ നേരത്തോ, പ്രത്യേക സമയത്തോ, മാത്രമായിട്ടല്ല എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. വിശുദ്ധ കുർബ്ബാനയുടെ പ്രാരംഭ സെദറാകളിലും പരിശുദ്ധാത്മാവ് ആവ സിക്കുമാറാകണമെ എന്ന് ചൊല്ലുന്നുണ്ടല്ലോ. )

**വിശുദ്ധ കുർബ്ബാന എഴുന്നള്ളിച്ചു വരുമ്പോ ഴുള്ള റൂശ്മാ**

വിശുദ്ധ കുർബ്ബാന പടിഞ്ഞാറേക്ക് എഴു ന്നള്ളിച്ച് വന്നിട്ട് ഞങ്ങൾ ഭക്ഷിച്ച തിരുശരീരവും.. ഇത്യാദി ചൊല്ലുമ്പോൾ കാർമ്മികർ ജനത്തെ റൂശ്മാ ചെയ്യുന്നതായി കാണുന്നു. ചിലർ ഇടതു കൈകൊണ്ടുപോലും റൂശ്മാ ചെയ്യുന്നു. ഇത് പൂർവികമായ ഒരു രീതിയാണോ?

**അന്ത്യറൂശ്മാ**

വിശുദ്ധ കുർബ്ബാനയുടെ അന്ത്യറൂശ്മാ യുടെ സമയത്ത് കാർമ്മികരായ ചില പട്ടക്കാർ മാത്രം വലതുകാൽ പദവിയിൽ നിന്ന് ഇറക്കിവ യ്ക്കുന്നതായി കാണുന്നു. ഇത് സ്വേച്ഛ പോലെ ചെയ്യേണ്ട കാര്യമാണോ? എന്താണതിന്റെ ശരി യായ രീതി?

അതിന്റെ അവസാനം എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്വിൻ എന്നത് ഞങ്ങൾക്കു വേണ്ടി എന്ന് ചൊല്ലി കേൾക്കുന്നു. (മൂന്നിന്മേൽ കുർബ്ബാനയിലോ മറ്റോ അല്ലെങ്കിൽ) അങ്ങനെ വ്യത്യാസപ്പെടുത്തേണ്ടതുണ്ടോ?

**ആംഗ്യങ്ങൾ, കരചലനങ്ങൾ**

ധൂപക്കുറ്റി വാഴ്ത്തലും റൂശ്മാകളും സമാധാനാശംസയും മറ്റും നടത്തുമ്പോൾ പല കാർമ്മികരും കൈകളും വിരലുകളും പിടിക്കു ന്നതും ചലിപ്പിക്കുന്നതുമെല്ലാം പല രീതിയിലാണ്. ആംഗ്യങ്ങൾക്കും കരചലനങ്ങൾക്കും പ്രതീകാത്മ കത ഉണ്ടെങ്കിൽ അവയ്ക്ക് ഐക്യരൂപം വേണ്ട തല്ലേ?

**ഹാലേലൂയ്യാ, ബാറെക്മോർ**

രഹസ്യങ്ങൾ പടിഞ്ഞാറേക്ക് എഴുന്ന ള്ളിച്ച് വരുമ്പോൾ കാർമ്മികന്റെ മൂന്നാമത്തെ പ്രാർത്ഥനയുടെ (വലിയവനും ) പ്രതി വാക്യപ്രാർത്ഥനയുടെ ഒന്നാം ഭാഗത്തിനൊടുവിൽ ഗദ്യത്തിൽ ബാറെക്മോറും പദ്യത്തിൽ ഹാലേലു യ്യായുമാണ്. ബാറെക്മോർ അവിടെ വരുന്നത് അസ്ഥാനത്തല്ലേ. (സാധാരണ നമസ്കാരത്തിൽ ആ ഭാഗത്ത് ബാറെക്മോർ വരുന്നത് , തുടർന്ന് കർത്തൃപ്രാർത്ഥന തുടങ്ങേണ്ടതിനാലാണല്ലോ. )

ഇതിന്റെ രണ്ടാം ഭാഗം (ഉന്നതങ്ങളിൽ ദൈവത്തിന് / സ്തുതി ദൈവത്തിന്) പലപ്പോഴും വിട്ടുകളയുന്നു. അനുപേക്ഷണീയമായ പ്രാർത്ഥ നയുടെ ഒരു ഭാഗം വിട്ടുകളയുന്നതിന്റെ ന്യായീ കരണം എന്താണ്.?

❐

# ഇതുകൊണ്ടൊക്കെയാണ് ക്രിസ്തുവാണ് ശരി എന്ന് ഞങ്ങൾ പറയുന്നത്

സാഖേർ

ലോചനം കൊണ്ട് കാണാവുന്നതാണ് ലോകം. ലോചനമെന്നാൽ കണ്ണ്. കണ്ണുകൊണ്ട് കാണുന്നതാണ് ലോകം. ഓരോ മനുഷ്യനും അവരവരുടേതായ കാഴ്ചപ്പാടുകൾക്കനുസൃതമായിട്ടാണ് അവരവരുടെ ലോകങ്ങൾ നിർമ്മിക്കുക. വിശ്വാസത്തിന്റെ കണ്ണുള്ളവരുടേത് ഒരു ലോകം. അങ്ങനെയല്ലാത്തവരുടേത് മറ്റൊരു ലോകം. സത്യത്തിൽ മനുഷ്യർ പാർക്കുന്നത് ഒരു ലോകത്തിലാണ് എന്ന് പറയുക വയ്യാ! തങ്ങളുടെ അറിവുകൾക്കും അറിവുകേടുകൾക്കും ധാരണകൾക്കും തെറ്റിദ്ധാരണകൾക്കും അനുസൃതമായ ഒരു ലോകം ഓരോരുത്തരും നിർമ്മിക്കുന്നു. അതിനുള്ളിൽ മാത്രം കഴിയുന്നു. ഇവിടെ സംഘർഷങ്ങൾക്ക് സാധ്യതയുണ്ട്. സംഘർഷങ്ങൾ ജീർണ്ണതകളെക്കുറിച്ചുള്ള മുന്നറിയിപ്പാണ്; അത് അതിജീവനത്തിന്റെ അടയാളമാണ്. അന്തഃസ്സിനും ആശയങ്ങൾക്കും പെരുമാറ്റച്ചട്ടങ്ങൾക്കും അവധി നല്കിയിരിക്കുന്ന ഒരു കാലത്ത് സംവാദങ്ങൾ സാംഗത്യമില്ലാത്തവയാകുന്നു. വിവാദങ്ങൾക്കാണ് നല്ല കമ്പോളം. വികലമായ വാദങ്ങൾകൊണ്ടും വിലകുറഞ്ഞ പബ്ലിസിറ്റികൾകൊണ്ടും തൃപ്തിപ്പെടുന്ന കുറെയാളുകൾ മാത്രമാണ് പുതിയ കാലത്തിന്റെ സമസ്ത സാമൂഹിക മണ്ഡലങ്ങളിലും നായകരാകാൻ ശ്രമിക്കുന്നതെങ്കിൽ നമ്മുടെ യൗവ്വനത്തെക്കുറിച്ചും അതിന്റെ നാളെയെക്കുറിച്ചും ചെറുപ്പക്കാരനായ എന്റെ സ്നേഹിതാ, നീയെങ്കിലും ആശങ്കപ്പെടേണ്ടതുണ്ട്. ആരും നമ്മുടെ യൗവ്വനത്തെ തുച്ഛീകരിക്കാതിരിപ്പാൻ നോക്കേണ്ടതുണ്ട്.

ഈ അടുത്തകാലത്ത് ഒരു സംഘർഷം രൂപപ്പെട്ടതിന്റെ ഗതിവിഗതികൾ ശ്രദ്ധിക്കുക. ഒരു ദിവസം കുറെ ചിത്രങ്ങൾ ചേർന്നിരുന്ന ഉച്ചത്തിൽ പറയുന്നു. മാർക്സാണ് ശരി. കൂടെ ചിലർ പ്രസംഗിച്ചു, വിപ്ലവകാരിയായ ക്രിസ്തുവിനെക്കുറിച്ച്! വേറെ ചിലരാകട്ടെ ക്രിസ്തുവിന്റെ ഖദറിട്ട സംരക്ഷകരാകുന്നു. ഗത്സമേനയിലെ വാളും വടിയും ഒറ്റുകൊടുക്കലും ചിതറിപ്പോകലും തമ്പുരാൻ നേരിട്ടതെങ്ങനെയെന്ന് വിശ്വാസികളും മറന്നുപോയി. മാലാഖമാരുടെ ലെഗിയോനെക്കുറിച്ച് രാഷ്ട്രീയക്കാർക്ക് അറിയാത്തതുകൊണ്ട് അവർ ചെയ്യുന്നതും പറയുന്നതും അവരോട് ക്ഷമിക്കാവുന്നതേയുള്ളു! മാധ്യമങ്ങളാകട്ടെ, തിങ്കളാഴ്ച നല്ല ദിവസം എന്നതൊത്തെ പഴമ്പുരാണമെന്ന മട്ടിൽ ഞായറാഴ്ച നല്ല ദിവസം നോക്കി ഒരു ഫ്ളെക്സ് കെട്ടി സമരാഗ്നി ആളിക്കത്തിച്ചു. പരിഭവങ്ങൾ കൊണ്ടും പരനിന്ദകൾ കൊണ്ടും വായു മലിനപ്പെട്ടു. എല്ലാ ശരികളും തെറ്റിപ്പോയി. ഭൂമി പാഴായും ശൂന്യമായും കിടന്നു. ആത്മാവ് പരിവർത്തിച്ചില്ല. വെളിച്ചം ഉണ്ടായതുമില്ല.

കണ്ണുകളിൽ ഇരുട്ട് നിറഞ്ഞു. ലോകം വല്ലാതെ ചെറുതായതുപോലെ. അതിനുള്ളിലെ മനുഷ്യർ അതിലും ചെറുതാവുന്നു. പരസ്പരം ചെറുതാകുന്നു. സ്നേഹിതാ, ഇങ്ങനെ മുന്നോട്ടു പോയാൽ നാം തപ്പിത്തടയേണ്ടിവരും. കണ്ണ് ആവോളം വലിച്ച് തുറക്കുക. വിശ്വാസികളും അവിശ്വാസികളും ധനികരും ദരിദ്രരും ധൂർത്തരും ആതുരരും ഇതുവരെയും മുഖ്യധാരയുടെ ഓരം പോലും കണ്ടിട്ടില്ലാത്തവരെയും പാർശ്വം കണ്ടിട്ടുള്ളവരെയും എല്ലാം ചേരുന്ന ലോകത്തെ കാണുക. ഈ പുതിയ കാലം നമ്മോട് ആവശ്യപ്പെടുന്നതും ഇതാണ്. സ്നേഹത്തിന്റെ ഒരു കണ്ണ്. ദുഷ്ടന്മാരിലും നല്ലവരിലും ഒരുപോലെ വെയിലും മഴയും ചൊരിയുന്ന ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് അത്തരമൊരു കാഴ്ചപ്പാട് പുലർത്താനാവുന്നില്ലെങ്കിൽ അതിലാവണം നാം വ്യസനിക്കേണ്ടത്. കാഴ്ചപ്പാടുകളിലെ ശരി നഷ്ടപ്പെട്ട് ലോകം വല്ലാതെ വികൃതവും വിഭജിതവും ശൂന്യവുമാകുന്നു.

സുഹൃത്തേ, കുറേക്കൂടി സുന്ദരമായ ഒരു ആവാസവ്യവസ്ഥയിൽ ജീവിക്കുന്നതിന് നീ ആഗ്രഹിക്കുന്നില്ലേ? നമ്മൾ യാത്രകൾ പോകാറുള്ളവരാണ്. ധൂമിലവും വിഷലിപ്തവുമായ ഇടങ്ങളിൽ നിന്ന് ഇടയ്ക്കൊക്കെ അകന്നുമാറി കാടുകളും പുഴകളും പൂക്കളും തേടിപ്പോയിട്ടുണ്ട്. ചില പുരാതന പൈതൃക എടുപ്പുകളിലേയ്ക്കും കെട്ടുകളിലേയ്ക്കും സഞ്ചരിച്ചിട്ടുണ്ട്. ചില നേരങ്ങളിൽ ചില ക്ലാസ്സിക് ഗ്രന്ഥങ്ങൾ നമ്മെ ആശ്വസിപ്പിച്ചിട്ടുണ്ട്. ജീവിതത്തിന്റെ ആത്യന്തികമായ ചില ശരികളൊക്കെ നാം കണ്ടുമുട്ടുന്നത് ഇത്തരം യാത്രകളിലാണ്. ജീവനത്തിന്റെ സംശുദ്ധിയാർന്ന ഇടങ്ങൾ. അകളങ്കിതമായ ചില സാധ്യതകൾ. ആശകളുടേയും ആശയങ്ങളുടേയും ആവേശങ്ങളുടേയും അഗ്നിയിൽ കുരുത്ത ചിലയാളുകൾ. ഇതെല്ലാം ഈ വഴിയിലുണ്ട്. മനുഷ്യൻ സഞ്ചരിക്കേണ്ട ചില ശരി

ദൂരങ്ങളെക്കുറിച്ചാണ് ഇവയെല്ലാം ഓർമ്മപ്പെടുത്തുന്നത്.


നമുക്ക് സഞ്ചരിക്കാൻ എത്രവലിയൊരു ശരി ചരിത്രത്തിൽ അടയാളപ്പെടുത്തിയിട്ടാണ് ക്രിസ്തു നില്ക്കുന്നത്. ആ ശരിദൂരം സഞ്ചരിക്കുന്നതിനുള്ള അപകടകരമായ സാധ്യതയെ അഭിമുഖീകരിക്കാനാണ് നമ്മുടെ യൗവ്വനം കരുത്ത് കാട്ടേണ്ടത്. ഉവ്വ്, **ക്രിസ്തുവിൽ നിന്ന് പ്രചോദനമുണ്ടായിട്ടുള്ളവർ അനേകർ ഉണ്ട്. അതിൽ കാൾ മാർക്സും ഉണ്ടാകും. കാൾ മാർക്സ് എത്തിയ ദൂരമേയുള്ളൂ ആത്യന്തികമായ ശരി എന്ന് പറയുന്നിടത്താണ് വിയോജിപ്പുള്ളത്.** അതിലാണ് അറിവുകേടുണ്ടെന്ന് പറയുക. അയാൾ മനുഷ്യന്റെ ഒരു വിശപ്പിനെച്ചൊല്ലിയാണ് ഒരു പ്രത്യയശാസ്ത്രം രൂപപ്പെടുത്തുന്നത്. പൗലോസ് മാർ ഗ്രീഗോറിയോസ് അതിനെ ശരിവയ്ക്കുന്നതും അങ്ങനെയൊരർത്ഥത്തിലാണ്. ഞാൻ സമൂഹത്തിന്റെ ഭാഗമാണ്. സമൂഹം ഇല്ലാതെ വ്യക്തിക്ക് നിലനില്പ്പില്ലാത്തിനാൽ, വ്യക്തികളെല്ലാവരും സ്വന്തം കാര്യത്തിനപ്പുറത്ത് സമൂഹത്തിന് വേണ്ടി പ്രവർത്തിക്കുന്നവരായിത്തീരുകയും, അതേ സമയം സമൂഹം വ്യക്തി ശ്രേയസ്സുണ്ടാക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയാണ് ആവശ്യമായിരിക്കുന്നത്. ഇങ്ങനെ സമൂഹത്തിന് (Community) വേണ്ടി വാദിക്കുന്ന ആൾ എന്ന നിലയിൽ ഞാൻ കമ്മ്യൂണിസ്റ്റ് ആണ്.

മാനവരാശിയുടെ പൊതു നന്മയെന്ന ലക്ഷ്യത്തിലേയ്ക്ക് മാർക്സ് സഞ്ചരിച്ചിട്ടുണ്ട്. ശരി! എന്നാൽ ക്രിസ്തുവിലേയ്ക്ക് ഇനിയും ദൂരം സഞ്ചരിക്കാനുണ്ട്. ക്രിസ്ത്യാനികൾ എവിടെവരെയെത്തി എന്ന ചോദ്യമാണ് നമ്മെ ഭ്രമിപ്പിക്കേണ്ടത്. ഒരു പക്ഷേ, മാർക്സ് സഞ്ചരിച്ച ദൂരം ക്രിസ്തുവിന്റെ കരുണയിലേയ്ക്ക് പോകാൻ പറ്റാത്തതിന്റെ ജാള്യം പൊൻകുരിശുകൾകൊണ്ടും കത്തീഡ്രലുകൾകൊണ്ടും മറച്ചുവയ്ക്കാൻ നമുക്ക് പറ്റിയെന്ന് വരികില്ല. നമ്മുടെ ഭാഗ്യം! മാർക്സിന്റെ ശരിയിലേയ്ക്കെത്താൻ അദ്ദേഹത്തിൽ വിശ്വസിക്കുന്ന മനുഷ്യപുത്രന്മാർക്കും ഗാന്ധിയുടെ ശരിയിലെത്താൻ അദ്ദേഹത്തിന്റെ പേരുകാർക്കും കൂട്ടുകാർക്കും കഴിയാതെ പോകുന്ന കാലത്താണല്ലോ നമ്മളും ജീവിക്കുന്നത്! മാർ ഗ്രീഗോറിയോസിന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ, രാഷ്ട്രീയമെന്നത് രാഷ്ട്രത്തിന് പൊതുവായും ജനത്തിന് പ്രത്യേകമായും ശ്രേയസ്സും ക്ഷേമവും കൈവരിക്കുവാൻ ചെയ്യുന്ന പ്രതിഭാസമാണ്. അതിനെ പാർട്ടിയാക്കി നിലനിർത്തി സ്വന്തം അണികൾക്ക് കാര്യം സാധിച്ചുകൊടുക്കുന്ന ആഭാസമായി മാറ്റരുത്.

ശരിയാണ്, ക്രിസ്തു വിപ്ലവം നടത്തിയിട്ടുണ്ട്. ജീർണ്ണതകൾകൊണ്ട് ദുർഗന്ധപൂരിതമായിരുന്ന ഒരു മതജീവിതത്തിനെതിരെ തമ്പുരാൻ കലഹിച്ചിട്ടുണ്ട്. പള്ളിപ്പെരുന്നാളിന് ഫ്ളെക്സ് വയ്ക്കുന്ന നമ്മളോട് അന്ത്യ അത്താഴത്തിന്റെ ഫ്ളെക്സ് കവലയിൽ വയ്ക്കാതെ തമ്പുരാൻ പ്രതിഷേധിച്ചേനേ! ചാനൽ ചർച്ചകളിലൊന്നും പങ്കെടുക്കാതെ വിജനസ്ഥലത്ത് പോയിരുന്ന് താൻ പ്രാർത്ഥിച്ചേനേ! എന്താ കാരണമെന്നറിയാമോ? അവിശ്വാസികൾക്ക് കാണാനാവാത്തതും വിശ്വാസികൾ കാണാൻ ശ്രമിക്കാത്തതുമായ ഒരു ആന്തരികസമരത്തെ തമ്പുരാന്റെ ജീവിതം കാട്ടിത്തരുന്നുണ്ട്. തിന്മയുടെ പ്രലോഭനങ്ങളോട്, ആസക്തിയുടേയും അധീശത്വത്തിന്റെയും പരീക്ഷണങ്ങളോട് യുദ്ധം പ്രഖ്യാപിച്ചാണ് താൻ പരസ്യമായ ശുശ്രൂഷയിലേയ്ക്ക് പ്രവേശിക്കുന്നത്. സകലതിന്മകളുടേയും മൂലകാരണങ്ങളോടുള്ള ഈ പോരാട്ടം മൗലികമാണ്. തിന്മയോടുള്ള ആത്യന്തികസമരത്തിലാണ് ക്രിസ്തുവിലെ കലാപകാരിയെ നാമറിയേണ്ടത്... നമ്മുടെ യൗവ്വനം തിരിച്ചറിയേണ്ടത്. സകലവും നേടിയെടുക്കുന്നതിനെക്കുറിച്ചല്ല; സ്വത്വം നഷ്ടമാകാതിരിക്കുന്നതിനെക്കുറിച്ചാണ് താൻ പറഞ്ഞത്. സ്വയം വിട്ടുമാറേണ്ടത് പലതുമുണ്ട്. പോരാട്ടം ത്യാഗനിർഭരമാകുന്നത് ഈ സ്വയം ത്യജിക്കലിലാണ്. അധികാരവും സമ്പത്തും എന്തിന് മരണവും ദ്രവത്വവും പോലും നമ്മെ കീഴ്പ്പെടുത്താതിരിക്കുന്നതിനെക്കുറിച്ചാണ് സുവിശേഷം പറയുന്നത്. ഭൗതികതയ്ക്ക് അടിമപ്പെട്ടിരിക്കുന്ന മനസ്സിന്റെ വിമോചനത്തെക്കുറിച്ചും ആത്മാവിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചും താൻ പ്രസംഗിച്ചു. നിർവ്യാജ സ്നേഹവും ശുദ്ധബോധവും നിർമ്മല മനസാക്ഷിയും കൊണ്ടാണ് ക്രിസ്തുവിലേയ്ക്ക് അടുക്കേണ്ടത്. ഇവയുളവാക്കുന്ന പോരാട്ടത്തിനാണ് സുഹൃത്തേ, നീ സന്നദ്ധത കാട്ടേണ്ടത്. വ്യക്തിത്വത്തിന്റെ വ്യക്തതയെ നഷ്ടപ്പെടുത്തുന്നതൊന്നും നിന്നെ കീഴ്പ്പെടുത്താൻ നീ അനുവദിക്കരുത്. വിശുദ്ധമായൊരു ബോധം സൂക്ഷിക്കാനനുവദിക്കാത്ത എല്ലാ സർപ്പങ്ങളുടെയും തല തകർക്കുക. നിന്റെ ശുദ്ധീകരണം നിന്റെ പരിസരങ്ങളെ വിമലീകരിക്കുമെന്ന സത്യത്തിലേയ്ക്ക് നമ്മെ നയിക്കുന്നതിന് തമ്പുരാന്റെ ഒരു പ്രാർത്ഥന മതിയല്ലോ! 'അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന് ഞാൻ അവർക്കുവേണ്ടി എന്നെത്തന്നേ വിശുദ്ധീകരിക്കുന്നു' (യോഹ. 17:19). ശിഷ്യന്മാർക്ക് വേണ്ടിയാണ് ഈ പ്രാർത്ഥന, നമുക്ക് വേണ്ടിയാണ്. ക്രിസ്തുവിലേക്ക് നോക്കാം. നമ്മുടെ കണ്ണുകളിലെ കരടും കോലും എടുത്തു കളയാം. കണ്ണ് തെളിയും. കണ്ണ് തെളിച്ചമുള്ളതാകും. കാഴ്ചപ്പാടുകൾ വെളിച്ചമുള്ളതാകും. കാഴ്ചപ്പാടുകൾ വെളിച്ചമുള്ളതെങ്കിൽ ലോകം കുറേക്കൂടി സുന്ദരമാകുമെന്നത് നിശ്ചയമല്ലേ! ഇതു കൊണ്ടൊക്കെയാണ് ക്രിസ്തുവാണ് ശരി എന്ന് ഞങ്ങൾ പറയുന്നത്.

❐

# പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



**ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത**
(61-ാം ഓർമ്മ, ഏപ്രിൽ 17)
**(പുത്തൻകാവ് കത്തീഡ്രൽ)**




**യൂഹാനോൻ മാർ ഇവാനിയോസ് എപ്പിസ്കോപ്പ**
(203 -ാം ഓർമ്മ, ഏപ്രിൽ 21)
**(ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി)**



**മൂന്നാം മാർത്തോമ്മ**
(324 -ാം ഓർമ്മ, ഏപ്രിൽ 22)
**(കടമ്പനാട് കത്തീഡ്രൽ)**



**ഒന്നാംമാർത്തോമ്മ**
(342-ാം ഓർമ്മ, ഏപ്രിൽ 25)
**(അങ്കമാലി ചെറിയ പള്ളി)**




**കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത (പാമ്പാടി തിരുമേനി)**

**47-ാം ഓർമ്മ, ഏപ്രിൽ 5 (പാമ്പാടി ദയറ)**

---

The Official Organ of Kandanad West Diocese of Malankara Orthodox Syrian Church
Published by Rev. Fr. Dr. O.P. Varghese, Mar Pachomios Mount, Meempara, Puthencruz, Ernakulam - 682 308
Chief Editor: Rev. Fr. Jose Thomas Poovathumkal, Printed at Printa Multicolor Offset Press, Kolenchery